നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# കിരാതരായ നിയമപാലകർ



**ബീഹാറിലെ ഭഗൽപൂർ ജില്ലയിൽ മാല മോഷ്ടിച്ചുവെന്ന് പറഞ്ഞ് പിടികൂടിയ ബാലനെ നാട്ടുകാർ തല്ലിച്ചതച്ചശേഷം ഒരു പോലീസുകാരൻ മോട്ടോർ സൈക്കിളിന്റെ പിന്നിൽ കെട്ടിവലിക്കുന്നു.**

126 ഒക്ടോബർ 2007

# അമേരിക്കയിൽ ഒരു പത്രാധിപവധം

**അ**മേരിക്കയിലെ കറുത്ത വർഗ്ഗക്കാർക്കിടയിൽ ഏറ്റവും ബഹുമാനിക്കപ്പെടുന്ന പത്രാധിപരായ ചോൻസി ബൈലി (57) ജൂലായിയിൽ ഒരു മതഭ്രാന്തന്റെ തോക്കിന്നിരയായി.

സാൻഫ്രാൻസിസ്കോ നഗരത്തിന്ന് തൊട്ടടുത്തുകിടക്കുന്ന ഓക് ലാൻഡിലെ "ഓക് ലാൻഡ് പോസ്റ്റി"ന്റെ പത്രാധിപരായിരുന്നു ബൈലി. രാവിലെ വീട്ടിൽനിന്ന് കുറച്ചകലെയുള്ള പത്രമാപ്പീസിലേക്ക് നടന്നു പോകുന്നതിന്നിടയിൽ മുഖം മൂടി ധരിച്ച ഒരാൾ മുമ്പിൽ ചാടിവീഴുകയും മൂന്നു തവണ വെടിവയ്ക്കുകയും ചെയ്തു. അതു കഴിഞ്ഞ ഉടനെ ഒരു വാൻ രംഗത്തെത്തുകയും അക്രമി അതിൽ കയറി രക്ഷപ്പെടുകയും ചെയ്തു.

ഓക് ലാൻഡിലെ ജനങ്ങളധികവും കറുത്ത വർഗ്ഗക്കാരാണ്. ബൈലിയുടെ ഘാതകനും കറുത്ത വർഗ്ഗക്കാരനാണ്. ഓക് ലാൻഡിലെ കറുത്ത വർഗ്ഗക്കാർക്കിടയിലുള്ള ഒരു മുസ്ലീം തീവ്രവാദി സംഘമാണ് ഈ വധത്തിന്നു പിന്നിലെന്ന് അനുമാനിക്കപ്പെടുന്നു. ഈ മുസ്ലീം തീവ്രവാദി സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബൈലി അന്വേഷിച്ചുവരികയായിരുന്നു.

"യുവർ ബ്ലാക് മുസ്ലീം ബേക്കറി" എന്ന പേരിൽ ഓക് ലാൻഡിൽ ഒരു ബേക്കറി പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു കറുത്ത മുസ്ലീമായ യൂസഫ് ബേ പടുത്തുയർത്തിയ ഒരു ബിസിനസ്സ് സാമ്രാജ്യത്തിന്റെ നടുനായകമാണ് ഈ ബേക്കറി. തീർത്തും യാഥാസ്ഥിതികമായ ഒരു തീവ്രവാദ സംഘവും ഇദ്ദേഹം വളർത്തിക്കൊണ്ടു വന്നിട്ടുണ്ട്. ഭീഷണിപ്പെടുത്തി മദ്യഷാപ്പുകൾ പൂട്ടിക്കുന്നതും മറ്റും ഇവരുടെ തൊഴിലാണ്. നാലുകൊല്ലം മുമ്പ് ബേ മരിക്കുമ്പോൾ അദ്ദേഹത്തിന്നെതിരെ 27 ലൈംഗികാതിക്രമ കേസുകൾ നിലവിലുണ്ടായിരുന്നു.



ചോൻസി ബൈലി

ഈ തീവ്രവാദി സംഘടനയെപ്പറ്റി ബൈലി തന്റെ പത്രത്തിൽ പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. ഇവരുടെ രഹസ്യ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിന്നിടയിലാണ് ഈ വധമുണ്ടായത്.

ബേക്കറിയുമായി ബന്ധപ്പെട്ട പല സ്ഥലങ്ങളിലും പോലീസ് മിന്നൽ പരിശോധന നടത്തി; കുറെ ആയുധങ്ങൾ പിടിച്ചെടുത്തു. ഏഴുപേരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

ജനനീതി

ഒക്ടോബർ 2007
126

പത്രാധിപർ:
ടി.വി. അച്യുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അക്രമത്തേക്കാൾ ആപൽക്കരം നിസ്സംഗതയാണ്

**ബീ**ഹാറിലെ ഭഗൽപൂർ ജില്ലയിലെ ഏതോ ഗ്രാമത്തിൽ, മാലമോഷ്ടിക്കാൻ ശ്രമിച്ചുവെന്ന കുറ്റത്തിന്ന് നാട്ടുകാർ ഒരു ബാലനെ പിടികൂടി തല്ലി ചതക്കുകയും അതിന്നുശേഷം അയാളെ ഒരു പോലീസുകാരൻ ഒരു മോട്ടോർ സൈക്കിളിന്റെ പിന്നിൽ കെട്ടിവലിച്ചുകൊണ്ടു പോകുകയും ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ ആഗസ്റ്റ് 29 ലെ പത്രങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുകയുണ്ടായി. തലേ ദിവസം ഈ ഭീകര ദൃശ്യം ടെലിവിഷനിലും വന്നു. ഈ കിരാത വൃത്തിയിൽ ഉൾപ്പെട്ട പോലീസുകാരനെ സസ്പെൻഡ് ചെയ്തുവെന്നും സ്ഥലം മാറ്റിയെന്നുമൊരു വാർത്തകൂടി അടുത്ത ദിവസത്തെ പത്രങ്ങളിൽ കാണുകയുണ്ടായി. പിന്നെ?

പിന്നെ എന്തുണ്ടായെന്നു ആർക്കുമറിയില്ല. തമിഴ്നാട്ടിലെ കാളപ്പോരുകാണുന്ന കൗതുകത്തോടെ ഭീകരമായ ഈ പൈശാചിക വൃത്തിയും നോക്കിനിന്ന ജനങ്ങൾക്ക് പിറ്റേ ദിവസത്തേക്ക് കൗതുക ദൃശ്യങ്ങൾ വേറെയുണ്ടായിരുന്നു. മന്ത്രിയുടെ രാജി, വിഷമദ്യം തുടങ്ങിയ എന്തെല്ലാം കാര്യങ്ങൾ നമുക്കു ശ്രദ്ധിക്കേണ്ടതുണ്ട്. മോട്ടോർ സൈക്കിളിൽ കെട്ടി വലിച്ച ആ ബാലന് എന്തു സംഭവിച്ചു? അയാൾ മരിച്ചുവോ? ചികിത്സകൊണ്ട് രക്ഷപ്പെട്ടുവോ? ഈ പൈശാചികവൃത്തി കാണിച്ച പോലീസുകാരനെ അറസ്റ്റ് ചെയ്തുവോ? വീഡിയോ ക്യാമറയുടെ മുന്നിൽനിന്നുകൊണ്ട് ഭീകരമായ അതിക്രമങ്ങൾ കാണിച്ചവരെ അറസ്റ്റ് ചെയ്തുവോ? ഇതൊന്നും ആർക്കും അറിയില്ല; അറിയണമെന്ന വിചാരവുമില്ല. ധ്രുവപ്രദേശത്തേക്കുപോലും പ്രത്യേക ലേഖകൻമാരെ നിയോഗിക്കാറുള്ള നമ്മുടെ പത്രങ്ങൾക്കുപോലും ബീഹാറിൽ നടക്കുന്നതെന്താണെന്നറിയില്ല. അറിയണമെന്നുമില്ല. ഈയൊരു നിസ്സംഗമനോഭാവമാണ് ഇന്ത്യക്കു നാളെ വിനാശകരമാകാൻ പോകുന്നത്.

# സ്കൂൾ ഭരണം പഞ്ചായത്തുകൾക്ക് നൽകിയതിൽ ഒരു തെറ്റുമില്ല

- കെ. രാജശേഖരൻ -

സ്കൂളിന്റെ നടത്തിപ്പ് പഞ്ചായത്തുകൾക്കു കൈമാറിയ നടപടി വളരെ സ്ഫോടനാത്മകമായ ഒന്നാണെന്നാണല്ലോ പ്രതിപക്ഷം, അദ്ധ്യാപക സംഘടനകൾ, മാനേജ്മെന്റുകൾ എന്നിവരുടെ ആരോപണം. ഭരണപക്ഷമാകട്ടെ തങ്ങളുടെ ഭരണകാലത്ത് ഇതിന്നാധാരമായി ഒരു ഉത്തരവും ഇറക്കിയിട്ടില്ല എന്ന് പറഞ്ഞ് കയ്യൊഴിയുകയും ഇതൊരു അപരാധമാണെന്ന് ധ്വനിപ്പിക്കുകയും ചെയ്തു. ഭരിക്കുന്നതാരായാലും നിയമവാഴ്ച അംഗീകരിക്കുന്ന ആർക്കും സ്കൂളുകളുടെ നടത്തിപ്പ് പഞ്ചായത്തുകൾക്കു കൈമാറാതിരിക്കാനാവില്ല. കാരണം, 1993 മുതൽ ഭരണഘടനയിൽ അങ്ങനെയൊരു വ്യവസ്ഥ ഉണ്ട്. സ്കൂളുകൾ പഞ്ചായത്തുകൾക്കു കൈമാറുക മാത്രമല്ല, ഭരണഘടന വിഭാവം ചെയ്യുന്ന വിധത്തിൽ കൂടുതൽ നിയന്ത്രണാധികാരങ്ങൾ പഞ്ചായത്തുകൾക്ക് നൽകും എന്നായിരുന്നു വിദ്യാഭ്യാസ മന്ത്രിയും ഭരണപക്ഷവും പ്രഖ്യാപിക്കേണ്ടിയിരുന്നത്. ഇനിയെങ്കിലും അവർ അത് ചെയ്യണം.

വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കുണ്ടായിരുന്ന അക്കാദമിക്ക് അധികാരങ്ങൾ എല്ലാം നിലനിർത്തുകയും ചില ഭരണനിയന്ത്രണാധികാരങ്ങൾ പഞ്ചായത്തുകൾക്ക് നൽകുകയുമാണുണ്ടായത്. അത് ഒരു ഇരട്ട നിയന്ത്രണ രീതി സൃഷ്ടിച്ചിട്ടുണ്ട്. ആ അധികാരം പങ്കിടലിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളുണ്ടെങ്കിൽ അത് ചർച്ചക്ക് വിധേയമാക്കി പരിഹരിക്കുകയാണ് വേണ്ടത്. സ്കൂൾ ഭരണം കൈമാറിയത് തെറ്റ് എന്ന ദുശ്ശാഠ്യം പറഞ്ഞു നടക്കുകയല്ല വേണ്ടത്. സ്കൂളുകളിലെ അക്കാദമിക് - പഠന കാര്യങ്ങൾ ഒഴികെയുള്ള ഭരണ കാര്യങ്ങൾ മാത്രമേ പഞ്ചായത്തിന്റെ അധീനതയിൽ നല്കിയിട്ടുള്ളൂ. അതിനു വിപരീതമായി ഏതെങ്കിലും പഞ്ചായത്ത് ഭരണസമിതി അക്കാദമിക്ക് - പഠന കാര്യങ്ങ ⇨

---

പണ്ട് അമേരിക്കയിൽ ഒരു കറുത്ത വർഗ്ഗക്കാരനെ പോലീസ് അകാരണമായി മർദ്ദിച്ചു. ആ സംഭവം അമേരിക്കയിലാകെ കലാപമുണ്ടാക്കി. ഈ അടുത്ത കാലത്ത് ഇറാഖിലെ തടങ്കൽ പാളയത്തിലുള്ളവരുടെ നേരെ പട്ടിയെ അഴിച്ചുവിട്ടു. ഈ അതിക്രമം പുറത്തുകൊണ്ടുവന്നതും ബഹളമുണ്ടാക്കിയതും അമേരിക്കക്കാർ തന്നെയാണ്. ഈയിടെ ഒരു ഇന്ത്യൻ ഡോക്ടറെ ഭീകരനെന്ന സംശയത്തിന്മേൽ ആസ്ത്രേലിയൻ പോലീസ് അറസ്റ്റ് ചെയ്തു. അതിന്നെതിരെ ഏറ്റവുമധികം ബഹളമുണ്ടാക്കിയത് ആസ്ത്രേലിയൻ പത്രങ്ങളും അവിടത്തെ ജനങ്ങളുമാണ്. ഇന്ത്യയിലാണ് ഇതുണ്ടായതെങ്കിൽ, ഗവർമ്മേണ്ടിന്റെ നടപടിയെ ന്യായീകരിക്കാൻ നാം അഹമഹമികയാ ഓടിക്കൂടുമായിരുന്നു. ഗുജറാത്തിലേയും മഹാരാഷ്ട്രത്തിലേയും ലജ്ജാവഹമായ അനീതികളെ നാം എത്ര ലാഘവ ബുദ്ധിയോടെയാണ് കാണുന്നത്.

അനീതികൾക്കെതിരെ നിസ്സംഗത പാലിക്കുന്നവരെ അവസാനം അനീതി കീഴടക്കും. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ നീതിക്കുവേണ്ടി പോരാടുന്നവർക്കുമാത്രമേ നീതിയിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ ജീവിക്കാൻ കഴിയൂ. ധർമ്മത്തെ രക്ഷിക്കുന്നവരെ ധർമ്മം രക്ഷിക്കുമെന്നു പറയുന്നതും അതുതന്നെയാണ്. അനീതിയേക്കാൾ ആപൽക്കരമാണ് അനീതിയോടുള്ള നിസ്സംഗത. കാരണം, ആ നിസ്സംഗതയിലാണ് അനീതി തഴച്ചുവളരുന്നത്. ❑

ളിൽ ഇടപെടുന്നുവെങ്കിൽ അത് തട യുകതന്നെ വേണം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭം ഉണ്ടാക്കാനുള്ള ഒരു സ്വകാര്യ സംരംഭ മായി കൊണ്ടുനടക്കുന്ന ചില പ്രബല സമുദായക്കാർ ഭരണഘടനാനുസൃത മായ ഈ അധികാര കൈമാറ്റത്തെ ന്യൂനപക്ഷ അവകാശ സംരക്ഷണമെന്ന പുകമറ സൃഷ്ടിച്ച് നേരിടുമ്പോൾ ഇന്ത്യൻ ഭരണഘടനയെയും അധികാ രവികേന്ദ്രീകരണകത്തെയും ജനാധിപ ത്യത്തെയുമാണ് അവർ വെല്ലുവിളിക്കു ന്നത്.

സ്കൂളുകളുടെ ഭരണവും പഞ്ചായ ത്തുകളും തമ്മിലുള്ള പൊക്കിൾ ക്കൊടി ബന്ധത്തിന് ഇന്ത്യാ ചരിത്ര ത്തോളം തന്നെ പഴക്കമുണ്ട്. സ്വാത ന്ത്ര്യസമരകാലത്ത് ഗാന്ധിജി മുന്നോട്ടു വച്ചതും ഇതേ ആശയമാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഭരണ വികേന്ദ്രീകരണ സംബന്ധമായ് ബൽവന്ത് റോയ് കമ്മിറ്റി ഉൾപ്പെടെ എല്ലാ കമ്മിറ്റികളും ഈ ആശയം അടി വരയിട്ട് ഉറപ്പിച്ചിട്ടുണ്ട്. ഒരു വിദഗ്ദ്ധ സമിതിയും ഒരിക്കലും ഒരപാകതയും ദർശിക്കാത്ത ആശയമാണ് സ്കൂൾ ഭരണം പഞ്ചായത്തുകളെ ഏൽപ്പിക്കണ മെന്നത്.

1994 മുതൽ സർക്കാർ സ്കൂൾ ഭരണം പഞ്ചായത്തുകൾക്ക് കൈമാറിയിട്ടും, അദ്ധ്യാപകരുടെ സസ്പെൻഷൻ, ഇൻക്രിമെന്റ് കുറവ് ചെയ്യൽ, ഫൈൻ ഈടാക്കൽ തുടങ്ങിയ ലഘുശിക്ഷാ നടപടികൾ പഞ്ചായത്തുകളുടെ അധി കാരമായിട്ടും, കേരളത്തിലെങ്ങും ഈ അധികാരം ദുരുപയോഗിക്കപ്പെട്ടതായി ഒരു പരാതിയുമുണ്ടായിട്ടില്ല. ഗ്രാമ പഞ്ചായത്തിന് നൽകിയ ഈ അധി കാങ്ങൾ ഇതുവരെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന മാനേ ജർമാർക്കുണ്ടായിരുന്നു. അതിലും ആരും ഒരപാകതയും ദർശിക്കുന്നില്ല. സ്വകാര്യ മാനേജർമാരേക്കാൾ എന്തു കൊണ്ടും യോഗ്യമായ പഞ്ചായത്തു കൾ അധികാരം ഉപയോഗിക്കുന്നതിനെ എതിർക്കുന്നത് മറ്റെന്തിനോ വേണ്ടിയാ ണെന്നതിൽ തർക്കമില്ല. ഇപ്പോൾ ഈ വിഷയം വിവാദമാക്കിയതിന് പിന്നിൽ എയിഡഡ് സ്കൂൾ മാനേജർമാരുടെ സ്ഥാപിത താൽപര്യമുണ്ട്.

സ്കൂളുകളുടെ നടത്തിപ്പിന് വിദ്യാ ഭ്യാസ വകുപ്പിന്റെ മാത്രമല്ല, പഞ്ചായ ത്തിന്റെ അനുമതിയും വേണമെന്ന നിബന്ധന, ഒരു വിദ്യാഭ്യാസ കമ്മിറ്റി യുടെ കരടു ശുപാർശയിൽ ഉണ്ടായതാ ണ് മാനേജർമാരെ കാര്യമായി ചൊടി പ്പിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥരെ മാനേ ജർ വരുതിയ്ക്ക് നിർത്തുന്നതുപോലെ രാഷ്ട്രീയ ഘടകമായ പഞ്ചായത്തിനെ നിയന്ത്രിച്ച് വരുതിയിൽ നിർത്താൻ കഴി യില്ല. എന്ത് വീഴ്ചകളുണ്ടെങ്കിലും ഉദ്യോഗസ്ഥരെ സ്വാധീനിച്ച് അവ മറച്ചു വച്ച് സ്കൂൾ നടത്തിക്കൊണ്ടുപോകാൻ മടിക്കാത്ത മാനേജർമാരെ ഈ ആശ ങ്കയാണ് അലട്ടുന്നത്. സ്കൂളിന്റെ അംഗീകാരം നൽകലിലും പുതുക്ക ലിലും അധ്യാപക അച്ചടക്കത്തിലും പഞ്ചായത്തിന്റെ ശ്രദ്ധ പതിയുന്നത് ഇഷ്ടമില്ലാത്തവരാണ് ഈ പുകിലിനു പിന്നിൽ. അധ്യാപക സംഘടനാ നേതൃ ത്വത്തിന്റെ ചില തന്നിഷ്ടങ്ങൾക്ക് പഞ്ചായത്ത് കടിഞ്ഞാണിടുമോ എന്ന ആശങ്കയാണ് സംഘടനാ നേതാക്കളെ അലട്ടുന്നത്.

അധ്യാപകരെയും ജീവനക്കാരെയും പഞ്ചായത്തിലെ രാഷ്ട്രീയ 'ചെന്നാ യ്ക്കൾ'ക്ക് എറിഞ്ഞുകൊടുക്കുന്നതി ലാണ് ചിലർ അപാകത ദർശിക്കുന്നത്! ഇന്ത്യൻ ഭരണത്തിന്റെ ആധാരമായ ഭര ണഘടന പ്രകാരം നമ്മുടെ രാഷ്ട്രഭര ണത്തേയും അതിലെ സർവ്വ സ്വത്തും അധികാരം കയ്യാളുന്ന 'ചെന്നാ യ്ക്കൾ'ക്ക് ഭരിക്കാൻ നൽകിയിരിക്കുന്നു എന്നതു വിസ്മരിച്ചുകൊണ്ടാണ് ഇങ്ങിനെ ഒരു വിമർശനം നടത്തുന്നത്. ഇന്ത്യൻ ഭരണഘടനയും ജനാധിപത്യ സങ്കൽപങ്ങളും വിഭാവനം ചെയ്യുന്നത് രാഷ്ട്രീയക്കാർ ഭരണം നടത്തണമെന്ന് തന്നെയാണ്. ❑

# തസ്ലീമ നസ്റീനും കുറെ യാഥാസ്ഥിതിക തീവ്രവാദികളും



തസ്ലീമയ്ക്കെതിരായ ആക്രമണം

**ബം**ഗളാ ദേശക്കാരിയും എഴുത്തുകാരിയുമായ തസ്ലീമ നസ്റീനിന്റെ "ശോധ്" എന്ന പുസ്തകത്തിന്റെ തെലുങ്കു പരിഭാഷ പ്രകാശനം ചെയ്യുന്നതിനായി ആഗസ്റ്റ് 9 ന്ന് ഹൈദരാബാദ് പ്രസ്ക്ലബ്ബിൽ ഒരു ചടങ്ങ് സംഘടിപ്പിച്ചിരുന്നു. യോഗം നടന്നുകൊണ്ടിരിക്കെ മജ്ലിസ്-ഇ-ഇത്തിഹാദുൽ മുസ്ലീമിൻ(MIM) എന്ന സംഘടനയിൽ പെട്ട മൂന്ന് എം.എൽ.എ. മാരുടെ നേതൃത്വത്തിൽ ഒരു സംഘം മുസ്ലീം തീവ്രവാദികൾ അവരെ ആക്രമിക്കാൻ ശ്രമിച്ചു. പത്രക്കാരും മറ്റും തസ്ലീമക്കു ചുറ്റും ഒരു വലയം സൃഷ്ടിച്ചതിനാൽ ആക്രമണം ചീറ്റിപ്പോകുകയാണുണ്ടായത്.

തസ്ലീമക്കെതിരെ ഇത്തരമൊരു ആക്രമണത്തിന്നുള്ള പ്രകോപനം എന്താണെന്നു വ്യക്തമല്ല. മുസ്ലീം ജന സാമാന്യത്തിന്നിടയിൽ MIM നുള്ള സ്വാധീനം അതിവേഗം ക്ഷയിച്ചു വരുന്നതിനാൽ എന്തെങ്കിലുമൊരു വൈകാരിക പ്രശ്നം എടുത്തിട്ട് ജനപിന്തുണ വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്ന് കരുതപ്പെടുന്നു.

തസ്ലീമ അത്ര "വലിയ" ഒരാളൊന്നുമല്ല. അവർ ഒരു ഡോക്ടറായിരുന്നു. അതിന്നിടയിൽ അവർ എഴുതിയ ഒരു നോവലാണ് "ലജ്ജ". സാഹിത്യപരമായി അതിന്നു വലിയ മേന്മയൊന്നുമില്ലെങ്കിലും മുസ്ലീമുകൾക്കിടയിലെ യാഥാസ്ഥിതികമായ ആചാരങ്ങളെ അവർ നിശിതമായി വിമർശിക്കുന്നുണ്ട്. സ്വാഭാവികമായും ബംഗ്ലാദേശിലെ മുസ്ലീം യാഥാസ്ഥിതികർ തസ്ലീമക്കെതിരായി. തസ്ലീമ കുറച്ചുകാലം ഒളിവിൽ പോയി; ഒടുവിൽ ഇന്ത്യയിലേക്ക് രക്ഷപ്പെട്ടു. അവരിപ്പോൾ കൽക്കത്ത

യിൽ താമസിക്കുന്നു. പർദ്ദ തുടങ്ങിയ ദുരാചാരങ്ങളെ രൂക്ഷമായി വിമർശിക്കുന്ന പലതും അവർ എഴുതാറുണ്ട്. അതുകൊണ്ടുതന്നെ പാശ്ചാത്യർക്കിടയിൽ അവരെഴുതുന്നതിനെല്ലാം നല്ല മാർക്കറ്റുമുണ്ട്.

ഇതുപോലെ ഹൈദരാബാദിന്നും ഒരു കഥ പറയാനുണ്ട്. പഴയ ഹൈദരാബാദ് നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഹൈദരാബാദ് നഗരം. ഇപ്പോൾ നഗരത്തിലെ ജനങ്ങളിൽ 43 ശതമാനവും മുസ്ലീമുകളാണ്. ഇവിടെനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന എം.പി.മാരും എം.എൽ.എ. മാരും സാധാരണയായി മുസ്ലീമുകളായിരിക്കും.

ഹൈദരാബാദിനെ ഇന്ത്യയിൽ ചേർക്കുന്നതിന്നെതിരായി നഖശിഖാന്തം പോരാടിയ റസാക്കാർ ചോറ്റുപട്ടാളത്തിന്റെ നേതാവായിരുന്ന ഖാസിം റസ്വിയാണ് MIM ന്റെ നേതാവായിരുന്നത്. 1957 ൽ അദ്ദേഹം പാക്കിസ്താനിലേക്ക് പോയപ്പോൾ MIM ന്റെ പ്രസിഡന്റ് സ്ഥാനം വിശ്വസ്തനായ അബ്ദുൾ വഹേബ് ഒവൈസിയെ ഏല്പിച്ചു. 1976 ൽ ഒവൈസിയുടെ മകൻ സലാഹുദീൻ നേതൃത്വമേറ്റു. പിന്നീട് അഞ്ചാറു തവണ ഇദ്ദേഹം ഹൈദരാബാദിൽ നിന്നുള്ള എം.പി. യായി തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ ഇദ്ദേഹത്തിന്റെ മകനായ അസാദുദീനാണ് ഹൈദരാബാദിൽനിന്നുള്ള എം.പി. ചുരുക്കത്തിൽ ഒവൈസി കുടുംബത്തിന്റെ അടുക്കളത്തോട്ടമായിട്ടാണ് ഹൈദരാബാദ് അറിയപ്പെടുന്നത്.

എന്നാൽ ഹൈദരാബാദിൽ ഒവൈസി കുടുംബത്തിന്റേയും MIMന്റേയും സ്വാധീനം ക്ഷയിച്ചുവരികയാണ്. ജനകീയപ്രശ്നങ്ങൾ ഏറ്റെടുത്ത് സമരം ചെയ്യാൻ മുന്നോട്ടുവരുന്നത് ഇടതുപക്ഷ കക്ഷികളാകയാൽ മുസ്ലീമുകൾ ക്രമത്തിൽ ഇടതുപക്ഷത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പണക്കാരുടേയും അഭിജാതരുടേയും പാർട്ടിയായ MIMന്ന് ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കാനോ പ്രക്ഷോഭണം സംഘടിപ്പിക്കാനോ കഴിവില്ല. കുറെ വർഗ്ഗീയത പ്രസംഗിക്കാൻ മാത്രമേ അവർക്കറിയൂ. അതുപോലെ ഹൈദരാബാദിപ്പോൾ അക്ഷരാഭ്യാസമില്ലാത്ത ദരിദ്രരുടെ ഒരു നാടല്ല. ആന്ധ്രയിൽ കഴിഞ്ഞ കൊല്ലത്തെ പ്രീ ഡിഗ്രി പരീക്ഷയിൽ ആദ്യത്തെ പത്തു റാങ്കു നേടിയവരിൽ ഒമ്പതും മുസ്ലീം വിദ്യാർത്ഥികളായിരുന്നു. ഒന്നാം റാങ്കുകാരനായ മൊഹമ്മദ് അസ്ഹാർ പിലാനിയിലെ BITSഇൻസ്റ്റിട്യൂട്ടിലാണ് ചേർന്നിരിക്കുന്നത്. രണ്ടാം റാങ്ക് ഒരു മുസ്ലീം വിദ്യാർത്ഥിനിക്കായിരുന്നു. അതായത് പെണ്ണുങ്ങളെ തല്ലുന്നതിനേക്കാൾ പ്രധാനമായ പല കാര്യങ്ങളും മുസ്ലീമുകൾക്ക് ഇന്നുണ്ടെന്നർത്ഥം.

ഹൈദരാബാദിലെ ഉർദു പത്രങ്ങളും MIM ന്റെ വേഷങ്ങളെ പരിഹസിക്കുകയാണ് ചെയ്യുന്നത്. ഹൈദരാബാദിൽ തസ്ലീമക്കെതിരായി നടന്ന അക്രമം യഥാർത്ഥത്തിൽ ഒരു പബ്ലിസിറ്റി സ്റ്റണ്ടാണെന്ന് ഉർദു പത്രങ്ങൾ പറയുന്നു. ഹൈദരാബാദിലെ ഏറ്റവും പഴയ ഉർദു പത്രമായ "സിയാസതി"ന്റെ പത്രാധിപരായ സഹീർ അലിഖാൻ പറയുന്നത്, ഹൈദരാബാദ് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്നാണ്. തന്മൂലം MIM നോടുള്ള ഉർദു പത്രങ്ങളുടെ മനോഭാവത്തിനും മാറ്റം വന്നിട്ടുണ്ട്. സിയാസത്തിന്നു പുറമെ മറ്റൊരു ഉറുദു പത്രമായ മുൽസിഫും ഇപ്പോൾ MIM ന്ന് എതിരാണ്. തന്മൂലം ഒവൈസി കുടുംബം ഈയിടെ സ്വന്തമായി ഒരു പത്രം തുടങ്ങിയിട്ടുണ്ട്.

ബംഗാളിലേയും ആന്ധ്രയിലേയും യാഥാസ്ഥിതികരായ മുസ്ലീമുകൾ തസ്ലീമക്കെതിരെ ഫത്വ പുറപ്പെടുവിച്ചിരുന്നു. തങ്ങൾ തസ്ലീമയുടെ തലയറുക്കുമെന്ന് അക്ബറുദ്ദീൻ ഒവൈസി ഈയിടെ പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി. ❑

# ഇഷ്ടമില്ലാത്തതെല്ലാം നിരോധിക്കുന്ന നീതി

- എം. രാധിക -

മതവികാരങ്ങളെ ക്ഷതപ്പെടുത്തിയെന്ന് പറഞ്ഞ് നിരോധിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. കർണ്ണാടകത്തിൽ ബഞ്ചഗേരെ ജയപ്രകാശ് രചിച്ച ഒരു ഗവേഷണ ഗ്രന്ഥമായ 'അനുദേവ ഹോറഗണവനു' വാണ് ഇതിൽ ഏറ്റവും ഒടുവിലത്തേത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സാമൂഹ്യ പരിഷ്കർത്താവും തത്വ ചിന്തകനുമായ ബാസവേശ്വരയുടെ ജാതിയെ ചോദ്യം ചെയ്തിട്ടുണ്ടെന്നു പറഞ്ഞ് ബാസവേശ്വരയുടെ അനുയായികളായ ലിംഗായത്ത് സമുദായക്കാർ നടത്തിയ പ്രക്ഷോഭണമാണ് നിരോധനത്തിന്നിടയാക്കിയത്.

ബാസവേശ്വര ബ്രാഹ്മണനാണോ കീഴ് ജാതിക്കാരനാണോ എന്നതിനെച്ചൊല്ലിയാണ് തർക്കം. കർണ്ണാടകത്തിൽ ലിംഗായത്ത് സമുദായക്കാർ ജനസംഖ്യയിൽ 17 ശതമാനം വരും. മറ്റൊരു പ്രബല സമുദായം വൊക്കലിംഗകളാണ്. ഇവർ കൃഷിക്കാരാണ്. കർണ്ണാടക രാഷ്ട്രീയത്തിൽ ഈ രണ്ടു സമുദായങ്ങൾക്ക് അസാമാന്യമായ സ്വാധീന ശക്തിയുണ്ട്. മുൻ പ്രധാനമന്ത്രി ദേവഗൗഡ മുൻ മുഖ്യമന്ത്രി എസ്. എം. കൃഷ്ണ, ഇപ്പോഴത്തെ മുഖ്യമന്ത്രി കുമാരസ്വാമി തുടങ്ങിയവരെല്ലാം വൊക്കലിംഗ സമുദായത്തിൽപെട്ടവരാണ്.

പുസ്തകം നിരോധിക്കണമെന്ന ആവശ്യം ശക്തിപ്പെട്ടപ്പോൾ ഗ്രന്ഥകർത്താവുതന്നെ പുസ്തകം പിൻവലിച്ചിരുന്നു. പക്ഷെ പ്രക്ഷോഭണക്കാർ അതുകൊണ്ട് സംതൃപ്തരായില്ല. തന്മൂലം പുസ്തകം നിരോധിക്കാൻ ഗവർമ്മേണ്ട് നിർബ്ബന്ധിതമായി.

ബാസവേശ്വര ബ്രാഹ്മണ കുല ജാതനാണെന്നതാണ് പൊതുവെയുള്ള വിശ്വാസം. എന്നാൽ ജയപ്രകാശ് പറയുന്നത് അദ്ദേഹം മഡിഗ എന്ന കീഴ് ജാതിക്കാരനായിരുന്നു വെന്നാണ്. എന്നാൽ ബാസവേശ്വരയുടെ അമ്മയേയും സഹോദരിയേയും "ബാസവി"



ജയപ്രകാശും അദ്ദേഹത്തിന്റെ കൃതിയും

എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാണ് ലിംഗായത്തുകാരെ ഏറ്റവുമധികം ക്ഷോഭിപ്പിച്ചിരിക്കുന്നത്. (ബാസവി എന്നാൽ ദേവദാസി എന്നാണർത്ഥം.)

വിരോധാഭാസമെന്നു പറയട്ടെ, ജാതീയതക്കെതിരായി പോരാടിയ ആളാണ് ബാസവേശ്വർ. യാഗം, യജ്ഞം തുട

ങ്ങിയ ഹൈന്ദവാനുഷ്ഠാനങ്ങളെ അപലപിച്ചുപോന്ന അദ്ദേഹം സമത്വത്തിന്നു വേണ്ടി നിലകൊണ്ടു. ബാസവേശ്വരയുടെ "വചനങ്ങൾ" പ്രസിദ്ധമാണ്. അവ ഇന്നും സ്കൂളുകളിൽ പഠിപ്പിച്ചുവരുന്നു. താൻ ആരേയും അവഹേളിച്ചിട്ടില്ലെന്ന് ജയപ്രകാശ് വാദിക്കുന്നു. വളരെ ഉദാരമായ സാമൂഹ്യബന്ധങ്ങളാണ് 12-ാം നൂറ്റാണ്ടിൽ നിലവിലുണ്ടായിരുന്നത്. പാവങ്ങളുടെ കുട്ടികളെ പണക്കാർ വളർത്തുന്ന മനേ മക്കള് എന്ന ഒരു സമ്പ്രദായം അന്നു പ്രചാരത്തിലുണ്ടായിരുന്നു. ബാസവ എന്ന പേര് അക്കാലത്ത് ഉയർന്ന ജാതിക്കാർ ഉപയോഗിച്ചിരുന്നില്ല. അതിനാൽ കീഴ്ജാതിക്കാരനായ ബാസവേശ്വറിനെ മേൽജാതിക്കാർ വളർത്തിയതാകാം എന്ന് ജയപ്രകാശ് വാദിക്കുന്നു. ഇതൊരവസാന വാക്കല്ലെന്നും കൂടുതൽ ഗവേഷണം നടത്തേണ്ടതുണ്ടെന്നും അദ്ദേഹം പറയുന്നുണ്ട്.

ജയപ്രകാശിന്റെ ഗവേഷണ ഗ്രന്ഥത്തെക്കുറിച്ച് കർണ്ണാടകത്തിലെ പണ്ഡിതന്മാർക്ക് വലിയ മതിപ്പൊന്നുമില്ല. വെറുതെ ബഹളം കൂട്ടിയതുകൊണ്ടാണ് ഈ കൃതിക്കിത്ര പ്രചാരം കിട്ടിയതെന്നും, അതല്ലെങ്കിൽ ഇതാരുമറിയാതെ പിൻതള്ളപ്പെടുമായിരുന്നുവെന്നുമാണ് ചരിത്രകാരനായ ചിദാനന്ദമൂർത്തി പറഞ്ഞത്. ബാസവേശ്വരയെക്കുറിച്ച് മൂർത്തി തന്നെ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്വയം ഒരു ബ്രാഹ്മണനെന്നു പറയാൻ ഇഷ്ടപ്പെടാതിരുന്ന ഒരാളായിരുന്നു ബാസവേശ്വരയെന്നും, താനൊരു അയിത്തക്കാരനാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നുവെന്നും മൂർത്തി പറയുന്നു. എന്നാൽ ബാസവേശ്വരയുടെ പിതാവായ മാഡിരാജശൈവാഗമാചാര്യനായിരുന്നു. അതിന്നർത്ഥം അദ്ദേഹം ഒരു ബ്രാഹ്മണനായിരുന്നുവെന്നാണ്.

കന്നട ഭാഷാവികസന അഥോറിറ്റിയുടെ മുൻ ചെയർമാനായ ബരാഗൂർ രാമചന്ദ്രപ്പക്ക് തീർത്തും വ്യത്യസ്തമായൊരഭിപ്രായമാണുള്ളത്. ജയപ്രകാശിന്റെ ഗവേഷണ ഗ്രന്ഥം അന്യൂനമല്ലായിരിക്കാം പക്ഷെ ഗ്രന്ഥകാരൻ പല തെളിവുകളും ഹാജരാക്കുന്നുണ്ട്. നിങ്ങൾക്കതിനോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. വാമൊഴിയായി പകർന്നുകിട്ടിയ ചരിത്രത്തെ നാം അവഗണിക്കരുത്. പല വിദേശ സർവ്വകലാശാലകളും നാടോടി സാഹിത്യത്തിനിപ്പോൾ വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ബാസവേശ്വരയെ ഹീന ജാതിക്കാരനായി ചിത്രീകരിച്ചു എന്നാക്ഷേപിച്ചുകൊണ്ടാണ് ലിംഗായത്തുകൾ പ്രക്ഷോഭണമാരംഭിച്ചതെങ്കിലും കുറച്ചുകഴിഞ്ഞപ്പോൾ അവർ കാലുമാറി ചവിട്ടാൻ തുടങ്ങി. ബാസവേശ്വരയെ ജാരസന്തതിയായി ചിത്രീകരിച്ചു എന്നതായി അവസാനത്തെ ആക്ഷേപം.

രാമചന്ദ്രപ്പ അതിനോടും യോജിക്കുന്നില്ല. വേശ്യാവൃത്തി പണ്ട് ഒരംഗീകൃത സംവിധാനമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ജയപ്രകാശിന്റെ കൃതിയിൽ ബാസവേശ്വരയുടെ മാതാപിതാക്കളെക്കുറിച്ച് ആനുഷംഗികമായൊരു പരാമർശം മാത്രമേയുള്ളൂ. തെളിയിക്കപ്പെട്ടിട്ടില്ലാത്തൊരു കാര്യമാണത്. ജയപ്രകാശിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല; അതേ സമയം ഈ പ്രക്ഷോഭണക്കാർ പറയുന്നതിനോടും ഞാൻ യോജിക്കുന്നില്ല എന്ന് രാമചന്ദ്രപ്പ പറഞ്ഞു.

വടക്കൻ കർണ്ണാടകവും തെക്കൻ മഹാരാഷ്ട്രവും ഉൾപ്പെട്ട കാലപുരി എന്ന രാജ്യത്തിലെ പ്രധാനമന്ത്രിയായിരുന്നു ബാസവേശ്വര. മിശ്രവിവാഹം പോലയുള്ള പല സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. ❑

# ഇന്ത്യയിലെ പോലീസുകാർക്ക് പട്ടാളക്കാരുടെ തോക്ക്!

**- സന്ദീപ് ഉണ്ണിത്താൻ -**

മേയ് 29. രാജസ്ഥാനിലെ ദൗസയിൽ ഗുർജാർ വർഗ്ഗക്കാർ സംവരണ പ്രക്ഷോഭണം ആരംഭിക്കുന്നു. 20,000 വരുന്ന ഒരു ജനക്കൂട്ടം മുന്നേറുകയാണ്. അപ്പുറത്ത് 1500 പോലീസുകാർ ഒരുങ്ങി നിൽക്കുന്നു. അവരിൽ 400 പേർ സായുധരാണ്. ജനക്കൂട്ടം അടുത്തതോടെ ജില്ലാ മജിസ്ട്രേറ്റ് വെടിവയ്ക്കാൻ കല്പന നൽകുന്നു. പിന്നെ 15 മിനിട്ട് ബഹളം. എല്ലാം കഴിഞ്ഞപ്പോൾ ആറുപേർ മരിച്ചുവീണിരിക്കുന്നു. ഇത് ജനങ്ങളെ കൂടുതൽ ക്ഷുബ്ധരാക്കി. അല്പ സമയത്തിനകം തൊട്ടടുത്ത ബുന്ദിയിലും ഇതൊക്കെ ആവർത്തിച്ചു. അവിടേയും ആറുപേർ മരിച്ചുവീണു.

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. രാജസ്ഥാനിലെന്നപോലെ ആന്ധ്രയിലും മറ്റു സംസ്ഥാനങ്ങളിലും ഇതൊക്കെത്തന്നെയാണ് നടക്കുന്നത്. ഇത് അസ്വാസ്ഥ്യജനകമായ പല ചോദ്യങ്ങളും ഉയർത്തുന്നു. ജനക്കൂട്ടത്തിന്റെ ആക്രമണ ഭീഷണിക്കുമുമ്പിൽ ആത്മരക്ഷാർത്ഥമാണ് വെടിവച്ചതെന്നാണ് പോലീസ് അവകാശപ്പെടുക.

നിയമവിരുദ്ധമായി സംഘം ചേരുന്നവരെ പിരിച്ചുവിടാൻ ക്രമിനൽ നടപടിച്ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. സംസ്ഥാനങ്ങളുടെ പോലീസ് നിയമങ്ങളിലും ഇതിന്നുള്ള വ്യവസ്ഥകൾ എഴുതിവച്ചിട്ടുണ്ട്. ലാത്തിച്ചാർജ് നടത്തുക, കണ്ണീർവാതകം പ്രയോഗിക്കുക എന്നീ നടപടിക്രമങ്ങൾക്കു ശേഷം ജില്ലാ മജിസ്ട്രേറ്റിന്റെ കല്പന പ്രകാരം മാത്രമേ വെടി വയ്ക്കാൻ പാടുള്ളു. ജീവന്നും സ്വത്തിന്നും ഗുരുതരമായ ഭീഷണിയുണ്ടെന്ന് കണ്ടാലേ ജില്ലാ മജിസ്ട്രേട്ട് വെടിവയ്ക്കാൻ കല്പന നൽകാവൂ. പക്ഷെ ഇതൊന്നും പാലിക്കാറില്ല.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ എല്ലാ കൊല്ലവും കുറ്റകൃത്യങ്ങളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. 2005 ലെ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ഈയിടെ പ്രസിദ്ധീകരിച്ചു. ഇതനുസരിച്ച്, 2005 ൽ പോലീസ് വെടിവെപ്പുകളിൽ 44 പേർ മരിക്കുകയും 198 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഒരു സ്വതന്ത്ര ഏജൻസി നടത്തിയ പഠന പ്രകാരം 1990 നും 1999 നും ഇടയിൽ പോലീസ് 5994 തവണ വെടിവച്ചിട്ടുണ്ട്. ഇവയിൽ 1753 പേർ മരിക്കുകയും 6886 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

"നമ്മുടെ പോലീസ് സേന ഇപ്പോഴും 18-ാം നൂറ്റാണ്ടിലാണ്. ജനകീയ പ്രക്ഷോഭണങ്ങളെ നേരിടാൻ പോലീസുകാരെ ആരും പരിശീലിപ്പിച്ചിട്ടില്ല." -രാജസ്ഥാനിലെ ജയപൂർ ഡിവിഷനൽ കമ്മീഷണറായ മധുകർ ഗുപ്ത പറയുന്നു.

പോലീസ് നിയമത്തിലെ നടപടിക്രമങ്ങളൊന്നും ആരും പാലിക്കാറില്ലെന്നത് വ്യക്തം. ഹൈദരാബാദിലെ മെക്കാമസ്ജിദിൽ മേയ് 18 ന്നുണ്ടായ സ്ഫോടനങ്ങളെത്തുടർന്ന് കുഴപ്പമാരംഭിച്ചപ്പോൾ ജനങ്ങളെ പിരിച്ചുവിടാൻ ഒരു ശ്രമവും നടന്നില്ല. കയ്യേറ്റം നടത്തുന്നവരെ ഓടിച്ചുവിടാനോ പിരിച്ചുവിടാനോ ശ്രമിക്കുന്നതിന്നുപകരം പോലീസ് വെടിവയ്ക്കുകയാണുണ്ടായത്. ഒരാവശ്യവുമില്ലാതെ നടത്തിയ ഈ വെടിവയ്പ്പിൽ അഞ്ചുപേർ കൊല്ലപ്പെട്ടു. പിൻതിരി

ഞ്ഞോടുന്ന ജനങ്ങളെ പിൻതുടർന്നു വെടിവച്ചുവെന്നു മാത്രമല്ല, മുട്ടിന്നു താഴെ മാത്രമേ വെടിവയ്ക്കാവൂ എന്ന വ്യവസ്ഥയും പോലീസ് ലംഘിച്ചു. അതുമല്ല, പോലീസുകാർ മേലധികാരികളുടെ അനുവാദമില്ലാതെ സെൽഫ് ലോഡിങ്ങ് റൈഫിളുകൾ ഉപയോഗിക്കുകയും ചെയ്തു.

ഇന്ത്യയിൽ പോലീസ് വെടിവെച്ചാൽ മരണം ഉറപ്പാണ്. നമ്മുടെ പോലീസുകാർ ഉപയോഗിക്കുന്നത് .303 എൻഫീൽഡ് റൈഫിളുകളും 7.62 എം. എം. സെൽഫ് ലോഡിങ്ങ് റൈഫിളുകളുമാണ്. സെൽഫ്ലോഡിങ് റൈഫിളുകളിലെ വെടിയുണ്ട ശബ്ദാതിവേഗത്തിൽ പായുന്നതും ഏതാണ്ട് ഒരു കിലോമീറ്റർ ദൂരെയുള്ള ആളെ കൊല്ലാൻ കഴിവുള്ളതുമാണ്. ഇന്ത്യൻ സൈന്യത്തിൽനിന്ന് കൈമാറി കിട്ടിയ തോക്കുകളാണിവ. സൈന്യം 1960 കളിൽതന്നെ .303 റൈഫിളുകൾ ഉപേക്ഷിച്ചിരുന്നു. സെൽഫ് ലോഡിങ്ങ് റൈഫിളുകളാകട്ടെ ഈ അടുത്ത കാലത്താണ് സൈന്യം ഉപേക്ഷിച്ചത്. സൈന്യം ഉപേക്ഷിച്ചതെല്ലാം പോലീസിന്ന് കൈമാറി കിട്ടി. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ ഇത്തരം തോക്കുകൾ ഉപയോഗിക്കുന്നത് ഈച്ചയെ കൊല്ലാൻ ചുറ്റിക ഉപയോഗിക്കുന്നതുപോലെയാണ്.

താൽക്കാലിക വികാരക്ഷോഭത്താൽ വഴിപിഴച്ചുപോകുന്നവരെ നേരിടാൻ തോക്കുപോലുള്ള മാരകായുധങ്ങൾ ഒരിക്കലും ഉപയോഗിക്കരുതെന്ന് ദൽഹിയിലെ മുൻ പോലീസ് കമ്മീഷണറായ അജയരാജ ശർമ്മ അഭിപ്രായപ്പെടുന്നു. നാഷണൽ പോലീസ് കമ്മീഷനിലെ അംഗമാണ് ശർമ്മ. കാലഹരണം വന്ന 1861 ലെ പോലീസ് ആക്ട് പരിഷ്കരിക്കുന്നതിന്നുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് ഈ കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്. ജനങ്ങളെ പിരിച്ചുവിടാൻ ഷോട്ടഗൺ, റബ്ബർ ബുള്ളറ്റ് തുടങ്ങിയവയേ ഉപയോഗിക്കാവൂ എന്ന് കമ്മീഷൻ അതിന്റെ ഇടക്കാല റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ജനങ്ങളെ പിരിച്ചുവിടാൻ ഉപയോഗിക്കാവുന്ന ഒട്ടേറെ ആയുധങ്ങൾ ദൽഹിയിലെ പോലീസ് ആസ്ഥാനത്ത് പ്രദർശിപ്പിച്ചിരിക്കുന്നതുകാണാം. റബ്ബർ ബുള്ളറ്റ്, പ്ലാസ്റ്റിക് ബുള്ളറ്റ്, ഫ്ളാഷ് ഗ്രനേഡ് എന്നിയെല്ലാം അതിൽ പെടുന്നു. ഇവ ഉപയോഗിച്ചാൽ ആളുകൾക്ക് പരിക്കേൽക്കുമെങ്കിലും മരിക്കില്ല. ദൽഹിയിലെ റാപ്പിഡ് ആക്ഷൻ ഫോഴ്സ് എന്ന മിന്നൽ സേന 1992 മുതൽ ഇത്തരം ആയുധങ്ങളാണ് ഉപയോഗിച്ചുവരുന്നത്. കഴിഞ്ഞ 15 കൊല്ലത്തിന്നിടയിൽ ഒരാൾ പോലും മിന്നൽ സേനയുടെ വെടിയേറ്റ് മരിച്ചിട്ടില്ല. മാരകമല്ലാത്ത ഇത്തരം ആയുധങ്ങൾ ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്നവയാണെങ്കിലും സംസ്ഥാന പോലീസുകൾ ഇവ വാങ്ങുന്നില്ല.

"ഒരാൾ പോലീസിൽ ചേരുമ്പോൾ ആദ്യത്തെ മൂന്നുമാസം ആയുധമില്ലാതെ ജനക്കൂട്ടത്തെ നിയന്ത്രിക്കാനാണ് ഞങ്ങൾ പരിശീലിപ്പിക്കുന്നത്" - ദൽഹി മിന്നൽ സേനയുടെ ഐ.ജി. യായ ദുലാൽ ചന്ദ്രഡേ പറയുന്നു. എന്നാൽ ഈ മിന്നൽ സേനക്കു പുറത്തുള്ള പോലീസുകാരെല്ലാം പഴയ ബ്രിട്ടീഷ് ഭരണ കാലത്തെ പരിശീലന രീതിതന്നെ പിന്തുടരുന്നവരാണ്.

പോലീസുകാർ പട്ടാളത്തിന്റെ ആയുധങ്ങൾ ഉപയോഗിക്കുന്നതും ലക്കുംലഗാനുമില്ലാതെ വെടിവയ്ക്കുന്നതും പ്രശ്നത്തിന്റെ ഒരു വശം മാത്രമാണ്. പോലീസിനെ പരിഷ്കരിക്കുന്നതിന്ന് പല കമ്മിറ്റികളും കമ്മീഷനുകളും ഒട്ടേറെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവയൊന്നും നടപ്പാക്കിയിട്ടില്ല. പോലീസിൽ രാഷ്ട്രീയം വല്ലാതെ

# മുംബായ് വർഗ്ഗീയ കലാപം: രണ്ടുകൂട്ടർക്ക് രണ്ടു നീതി

**അ**യോധ്യാ സംഭവത്തെ തുടർന്ന് മുംബായിൽ 1992 ഡിസംബറിലും 93 ജനുവരിയിലും വർഗ്ഗീയ കലാപങ്ങൾ അഴിഞ്ഞാടുകയുണ്ടായി. ഇതിനുള്ള തിരിച്ചടിയെന്നോണം 1993 മാർച്ചിൽ മുംബായിൽ ഒരു സ്ഫോടന പരമ്പരയും നടന്നു. ശിവസേനക്കാരുടെ നേതൃത്വത്തിൽ 1992–93 ൽ നടന്ന കലാപത്തിൽ കൊല്ലപ്പെട്ടവരിലധികവും മുസ്ലീങ്ങളായിരുന്നുവെങ്കിൽ 1993 മാർച്ചിലെ സ്ഫോടന പരമ്പരയിൽ കൊല്ലപ്പെട്ടവരിലധികവും ഹിന്ദുക്കളായിരുന്നു.

ഈ രണ്ടു സംഭവങ്ങളെ ഗവർമ്മേണ്ട് രണ്ടു തരത്തിലാണ് കൈകാര്യം ചെയ്തത്. വർഗ്ഗീയ കലാപത്തോടനുബന്ധിച്ച അതിക്രമങ്ങൾ ഒരു ജുഡീഷ്യൽ കമ്മീഷന്റെ അന്വേഷണത്തിനു വിട്ടപ്പോൾ. സ്ഫോടന പരമ്പരയുടെ അന്വേഷണം പോലീസ് നേരിട്ട് നടത്തുകയും കേസുകൾ കോടതിയിലെത്തിക്കുകയും ചെയ്തു. അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് ഗവർമ്മേണ്ടിന് യഥാസമയം ലഭിച്ചുവെങ്കിലും മേൽ നടപടിയൊന്നുമുണ്ടായില്ല; അതേ സമയം സ്ഫോടന പരമ്പര സംബന്ധിച്ച കേസുകളിലെ പ്രതികളെ കോടതി ഈയിടെ ശിക്ഷിച്ചും ചിലരെ വധശിക്ഷക്കും ചിലരെ തടവു ശിക്ഷക്കും വിധിച്ചു.

1992–93 ൽ ഉണ്ടായ വർഗ്ഗീയ കലാപത്തിൽ ആയിരം പേർ കൊല്ലപ്പെട്ടു; പതിനായിരം പേർ സർവ്വസ്വവും നശിച്ച് വഴിയാധാരമായി. ഇവരിൽ മിക്കവരും മുസ്ലീമുകളാണ്. അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളനുസരിച്ച് ഗവർമ്മേണ്ട് മേൽ നടപടിയെടുക്കണമെന്ന ആവശ്യം

⇨

---

നുഴഞ്ഞു കയറിയിട്ടുണ്ട് അതു പോലീസിന്റെ മനോവീര്യം കെടുത്തുന്നു.

പോലീസിന്ന് ഉപയോഗിക്കാവുന്ന മാരകമല്ലാത്ത ആയുധങ്ങളിൽ ചിലത് –

കണ്ണീർ വാതകം – ഈ വാതകം തട്ടിയാൽ കണ്ണ് എരിയും; തൊണ്ട വരളും. ജനങ്ങളെ തൽക്കാലത്തേക്ക് അവശരാക്കാം; ആ സമയംകൊണ്ട് അവരെ നിയന്ത്രണത്തിൽ കൊണ്ടുവരാം.

പ്ലാസ്റ്റിക് ബുള്ളറ്റ് – സാധാരണ വെടിയുണ്ടക്ക് പകരം പ്ലാസ്റ്റിക് ഉണ്ട. ആളുകൾക്ക് പരിക്കേൽക്കുമെങ്കിലും ആളെ കൊല്ലില്ല.

റബ്ബർ ബുള്ളറ്റ് – പ്രത്യേക തരം തോക്കുകൊണ്ട് വെടിവയ്ക്കാവുന്നത്. ഉണ്ട ചെറുതാണ്. പരിക്കേൽപ്പിക്കുമെന്നല്ലാതെ മരണകാരണമാകില്ല.

സ്റ്റൺ ഗ്രനേഡ് – ഈ ബോംബ് വലിയ ശബ്ദത്തോടെ പൊട്ടും വല്ലാത്ത മിന്നലിൽ കണ്ണു മഞ്ഞളിക്കും. മരണകാരണമാവില്ല. ആൾക്കാരെ തൽക്കാലം അവശരാക്കും.

പ്ലാസ്റ്റിക് പെല്ലറ്റ് – ഷോട്ട് ഗണ്ണിൽ ഉപയോഗിക്കാവുന്നത്. പരിക്കേൽപ്പിക്കും; കൊല്ലില്ല.

എലക്ട്രിക് പ്രോഡ് – വൈദ്യുതി പ്രസാരമുള്ള ഒരു വടിയാണിത്. ചെറുതായി ഷോക്ക് ഏല്പിക്കും. തൽക്കാലും അവശനാകും.

ഇവയ്ക്കു പുറമേ വേറേയും പലതരം ഉപകരണങ്ങൾ പോലീസിന്ന് ഉപയോഗിക്കാവുന്നതായുണ്ട്. ❑

ഗവർമ്മേണ്ട് തിരസ്കരിക്കുന്നു. അതിന്നായി പല വിദ്യകളും ഗവർമ്മേണ്ട് അവലംബിക്കുന്നുണ്ട്.

1993 സ്ഫോടന പരമ്പരയിൽ 257 പേരാണ് കൊല്ലപ്പെട്ടത്; എണ്ണൂറിൽ പരം പേർക്ക് പരിക്കേറ്റിരുന്നു. കഴിഞ്ഞ ആഗസ്റ്റിൽ ഇതു സംബന്ധിച്ച് കേസുകളിൽ വിധി പറഞ്ഞു. പന്ത്രണ്ടു പേരെ വധശിക്ഷക്കും 20 പേരെ ജീവപര്യന്തം തടവിനും വേറെ കുറെ പേരെ വിവിധ കാലയളവിലെ തടവുശിക്ഷക്കും വിധിച്ചു. ഈ സ്ഫോടന പരമ്പരക്ക് രണ്ടു മാസം മുമ്പു നടന്ന വർഗ്ഗീയ കലാപത്തിലെ പ്രതികളാകട്ടെ സുഖമായി കഴിയുന്നു.

1992–93 ലെ വർഗ്ഗീയ കലാപത്തെപ്പറ്റി അന്വേഷിക്കാൻ ബോംബെ ഹൈക്കോടതി ജഡ്ജിയായ ജ: ബി.എൻ. ശ്രീകൃഷ്ണയെ 1993 ലാണ് കമ്മീഷനായി നിയമിച്ചത്. (അന്നു കോൺഗ്രസ്സായിരുന്നു അധികാരത്തിൽ) 1995 ൽ ശിവസേന–ബി.ജെ.പി. സഖ്യം അധികാരത്തിൽ വന്നപ്പോൾ ശ്രീകൃഷ്ണ കമ്മീഷനെ പിരിച്ചുവിട്ടു. രാജ്യവ്യാപകമായ പ്രതിഷേധത്തെത്തുടർന്ന് 1996ൽ തന്നെ കമ്മീഷനെ പുനരുജ്ജീവിപ്പിച്ചു.

1998 ലാണ് ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. അന്നത്തെ ശിവസേന-ബി.ജെ.പി. സഖ്യ ഗവർമ്മേണ്ട് അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിനെ തിരസ്കരിച്ചു. റിപ്പോർട്ടിന്റെ കോപ്പിപോലും പുറത്ത് വിട്ടിരുന്നില്ല. സബ്രംഗ് കമ്മ്യൂണിക്കേഷൻ എന്നൊരു കമ്പനിയാണ് കമ്മീഷന്റെ റിപ്പോർട്ട് അച്ചടിച്ച് ജനങ്ങൾക്കിടയിൽ വിതരണം ചെയ്തത്.

വർഗ്ഗീയ കലാപത്തിന്ന് ഉത്തരവാദി ശിവസേനയാണെന്ന് ശ്രീകൃഷ്ണ കമ്മീഷൻ സ്ഥാപിച്ചിരുന്നു. ശിവസേനാ നേതാവായ ബാൽ താക്കറെ മുതൽക്കിങ്ങോട്ടുള്ള ഒട്ടേറെ രാഷ്ട്രീയ നേതാക്കൾക്കെതിരായും നഗരത്തിലെ പോലീസ് മേധാവി മുതൽ സാധാരണ കോൺസ്റ്റബിൾ വരെയുള്ള ഒട്ടേറെ പോലീസ് കാരേയും കമ്മീഷൻ പേരെടുത്തു പറഞ്ഞു കുറ്റപ്പെടുത്തിയിരുന്നു.

1999 ൽ കോൺഗ്രസ് വീണ്ടും അധികാരത്തിൽ വന്നുവെങ്കിലും, ശ്രീകൃഷ്ണ കമ്മീഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുമെന്ന് കോൺഗ്രസ്സിന്റെ 1999ലേയും 2004ലേയും മാനിഫെസ്റ്റോവിൽ ഏറ്റിരുന്നുവെങ്കിലും ഒന്നുമുണ്ടായില്ല.

സത്യമെന്ന് കമ്മീഷന്ന് ബോധ്യപ്പെട്ട 1370 കേസുകൾ കമ്മീഷന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ നൂറോളം കേസുകൾ മാത്രമേ പോലീസ് അന്വേഷണത്തിന്നെടുത്തുള്ളൂ. അതിൽതന്നെ പതിനഞ്ചു കേസാണ് അന്വേഷിച്ചത്. ഒടുവിൽ കോടതിയിൽ സമർപ്പിക്കപ്പെട്ട കേസുകളാകട്ടെ എട്ടെണ്ണമാണ്.

മുപ്പത്തിരണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരായി തെളിവുണ്ടെന്ന് കമ്മീഷൻ പറഞ്ഞിരുന്നുവെങ്കിലും ഒമ്പതുപേർക്കെതിരായി മാത്രമേ കേസെടുത്തിട്ടുള്ളൂ. ബാക്കിയുള്ളവരിൽ പത്തു പേരെ ഡിപ്പാർട്ടുമെന്റൽ അന്വേഷണത്തിന്നുവിധേയരാക്കി വെറുതെവിട്ടു. അന്ന് പോലീസ് ജോയിന്റ് കമ്മീഷണറായിരുന്ന ആർ.ഡി. ത്യാഗിയുടെ കേസ് പ്രസിദ്ധമാണ്. "സുലൈമാൻ ബേക്കറിയിൽ കയറി അവിടെയുണ്ടായിരുന്ന ഒമ്പതുമുസ്ലീമുകളെ അനാവശ്യമായി വെടിവച്ചുകൊന്ന" ആളാണ് ത്യാഗിയെന്ന് ശ്രീകൃഷ്ണ കമ്മീഷൻ പറയുന്നു. ഇയാൾക്കെതിരെ നടപടിയെടുത്തില്ലെന്നല്ല, ഇയാൾ പിന്നീട് പോലീസ് കമ്മീഷണറായും അവസാനം ഡി.ജി.പി. യായും ഉയർത്തപ്പെടുകയും ചെയ്തു. അന്നു സബ്ഇൻസ്പെക്ടറായിരുന്ന നിഖിൽ കാപ്സെ വഡാലമസ്ജിദിൽ കയറി അന്യായമായി വെടിവച്ച് ഏഴുമുസ്ലീമു

കളെ കൊന്നതായി കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. എന്നാൽ ഇയാളെ ഡിപ്പാർട്ടുമെന്റൽ അന്വേഷണത്തിന്നു വിധേയമാക്കി വെറുതെ വിടുകയാണുണ്ടായത്. കാപ്സെയുടെ വെടിവെപ്പിൽ പരിക്കേറ്റ ഫറൂഖ് മാപ്കർ എന്നൊരാൾ കാപ്സെക്കെതിരെ പോലീസിലൊരു പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കാൻ ശ്രമിച്ചുവെങ്കിലും പോലീസ് അതു തടഞ്ഞു. ഒടുവിൽ അദ്ദേഹമിപ്പോൾ ഹൈകോടതിയിൽ ഹർജി സമർപ്പിച്ചിരിക്കുകയാണ്.

ശ്രീകൃഷ്ണ കമ്മീഷന്റെ റിപ്പോർട്ടിന്നനുബന്ധമായി സർക്കാർ നിയമസഭയിൽ, സമർപ്പിച്ചിരിക്കുന്ന "നടപടി റിപ്പോർട്ടിൽ" 46 പോലീസുകാർക്കെതിരെ നടപടി യെടുത്തതായി അവകാശപ്പെടുന്നുണ്ട്. ഈ പോലീസുകാർ ആരെല്ലാമാണെന്നോ ഇവർക്കെതിരെ സ്വീകരിച്ച "നടപടി" എന്താണെന്നോ അതിൽ പറയുന്നില്ല.

മുംബായ് കലാപം സംബന്ധിച്ച കേസുകൾ പുനരവലോകനം ചെയ്യാൻ ഗവർമ്മേണ്ട് കഴിഞ്ഞ ആഗസ്റ്റിൽ ഒരു "ഉന്നതതല" കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇതേ ആവശ്യത്തിന്ന് നിയമിക്കപ്പെടുന്ന നാലാമത്തെ കമ്മിറ്റിയാണിത്. അഡീഷണൽ ചീഫ് സെക്രട്ടറിയാണിതിന്റെ തലവൻ. നിലവിലുള്ള കേസുകളിൽ ഏതെല്ലാം സ്പെഷൽ കോടതിക്ക് വിടണമെന്ന് തീരുമാനിക്കാനുള്ളതാണ് ഈ കമ്മിറ്റി.

വർഗ്ഗീയ ലഹളയുമായി ബന്ധപ്പെട്ട മുപ്പതിൽപരം കേസുകൾ ഇപ്പോൾ നിലവിലുണ്ട് ഇവയിൽ പ്രധാനപ്പെട്ട കേസുകൾ സ്പെഷൽ കോടതിക്കു വിടുമെന്ന് മുഖ്യമന്ത്രി ഈയിടെ പ്രഖ്യാപിച്ചിരുന്നു. മുംബായ് ലഹള സംബന്ധിച്ച് ഗവർമ്മേണ്ട് കൈകൊള്ളുന്ന ഫലപ്രദമായ ആദ്യത്തെ നടപടിയാണ് സ്പെഷൽ കോടതി നിയമനത്തിനുള്ള ഈ തീരുമാനം. ലഹള സംബന്ധിച്ച് 2270 കേസുകളുണ്ടായിരുന്നു; 7600 പേർ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. 894 കേസിൽ കുറ്റപത്രം സമർപ്പിക്കുകയുണ്ടായി. എന്നാൽ ഇതിൽ 539 കേസിലും പ്രതികളെ വെറുതെ വിടുകയാണുണ്ടായത്. ഇവയിലൊന്നിലും തന്നെ ഗവർമ്മേണ്ട് അപ്പീൽ സമർപ്പിച്ചിട്ടില്ല. നിലവിലുള്ള 206 കേസുകളിൽ 86 എണ്ണം സെഷൻസ് കോടതിയിലാണ്.

ഗവർമ്മേണ്ട് നിയോഗിച്ചിരിക്കുന്ന പുതിയ കമ്മിറ്റി കണ്ണിൽ പൊടിയിടാനുള്ളതാണെന്ന് കലാപത്തിന്നിരയായവർ പറയുന്നു. കമ്മിറ്റിക്ക് പ്രത്യേകിച്ചധികാരമൊന്നുമില്ല. ഗവർമ്മേണ്ട് അവസാനിപ്പിച്ചുകഴിഞ്ഞ 1371 കേസുകൾ പുനപരിശോധന നടത്താൻ കമ്മിറ്റിക്കധികാരവുമില്ല. ഗവർമ്മേണ്ട് അന്വേഷിച്ചവസാനിപ്പിച്ച 1371 കേസുകൾ പുനരന്വേഷണത്തിന്നു വിധേയമാക്കുമെന്നും, അതിന്ന് ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുമെന്നും കോൺഗ്രസ്സിന്റെ 1999ലെ പ്രകടന പത്രികയിൽ ഉറപ്പു നൽകിയിരുന്നുവെങ്കിലും അതൊക്കെ പാഴ്വാക്കായിരിക്കുകയാണ്.

കലാപമുണ്ടാക്കിയവർക്കെതിരെ നടപടിയൊന്നുമില്ലെന്നല്ല, കലാപത്തിന്നിരയായ പാവങ്ങൾക്കെതിരെ പോലീസ് കേസെടുത്തിട്ടുമുണ്ട്. ജനങ്ങൾ "അക്രമാസക്തരായി" എന്നു പറഞ്ഞാണ് കേസെടുത്തിയിരിക്കുന്നത്.

സ്ഫോടന പരമ്പര സംബന്ധിച്ച കേസിലെ പ്രതികൾക്ക് വധശിക്ഷവരെ നൽകിയപ്പോൾ, വർഗ്ഗീയ ലഹളയുണ്ടാക്കി ഭീകരമായ കൊലപാതകങ്ങൾ നടത്തിയവർ മുംബായിൽ സ്വതന്ത്രരായി വിഹരിക്കുന്നു. ഒമ്പതുപേരെ കൊന്ന പോലീസുകാരൻ ഡി.ജി.പി.യായി റിട്ടയർ ചെയ്തശേഷം, ശിവസേനാ ടിക്കറ്റിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചു; തോറ്റുവെന്നത് വേറെ കാര്യം. ❑

# പഞ്ചാബിലെ ദേരകളും ആൾ ദൈവങ്ങളും

- റോങ്കി റാം -

**പ**ഞ്ചാബിൽ ഈയിടെ യാഥാസ്ഥിതികരായ സിക്കുകാരും "സച്ച സൗദ" എന്ന ദേരയുടെ അനുയായികളും തമ്മിലുണ്ടായ സംഘട്ടനങ്ങൾ പഞ്ചാബിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഒരു വഴിത്തിരിവാണ്. ദേരെയെന്നാൽ പ്രസ്ഥാനം എന്നാണർത്ഥം. സിക്കുകാർക്കിടയിൽ നാനാതരത്തിലുള്ള ഭക്തി പ്രസ്ഥാനങ്ങളും പരിഷ്കരണ പ്രസ്ഥാനങ്ങളും വളർന്നു വന്നിട്ടുണ്ട്.

ഹരിയാനയിലെ സിർസയിൽ 1948 ൽ സ്ഥാപിതമായതാണ് സച്ച സൗദ എന്ന പ്രസ്ഥാനം. അതിന്റെ ഇപ്പോഴത്തെ തലവൻ ബാബാ ഗുരുമീത് റാം റഹിം സിങ്ങാണ്. ഇദ്ദേഹം ഗുരു ഗോവിന്ദ് സിങ്ങിനെ അനുകരിച്ച് വേഷം കെട്ടിയെന്നതിന്റെ പേരിലാണ് യാഥാസ്ഥിതികരായ സിക്കുകാർ കലാപത്തിന്നിറങ്ങിയത്. വാസ്തവത്തിൽ ഇതിന്റെയെല്ലാം പിന്നിൽ ജാതി സ്പർദ്ധയാണ് കാണാൻ കഴിയുക.



സച്ചസൗദ എന്ന ദാരയുടെ തലവനായ ഗുർമീത് രാംറഹിം സിങ്

സിക്കുമതത്തിൽ ജാതിഭേദമില്ല. തങ്ങളുടെ സാമൂഹ്യവും ഭൗതികവുമായ പദവി ഉയരുമെന്ന് കരുതി അധ:സ്ഥിത വർഗ്ഗക്കാർ കൂട്ടത്തോടെ സിക്കുമതത്തിൽ ചേർന്നിരുന്നു. പക്ഷെ ജാതീയമായ വിവേചനം ഇപ്പോഴും നിലനിൽക്കുന്നു. തന്മൂലം അധ:സ്ഥിതർ കൂട്ടത്തോടെ വിവിധ പ്രസ്ഥാനങ്ങളിലേക്ക് ചേക്കേറി. ഈ പലായനം സിക്ക് മതത്തിന്ന് ഹാനികരമാകുമെന്ന് യാഥാസ്ഥിതികർ ഭയപ്പെടുന്നു. യാഥാസ്ഥിതികരമായ സിക്കുകാരും വിവിധ പ്രസ്ഥാനങ്ങളിൽപെട്ടവരും തമ്മിൽ നിരന്തരം ഉണ്ടായിക്കൊരിക്കുന്ന ഉരസലിന്റെ കാരണം അതാണ്.

ആനുപാതികമായി പറഞ്ഞാൽ, ഏറ്റവുമധികം ദളിതുകളുള്ള സംസ്ഥാനം പഞ്ചാബാണ്. പഞ്ചാബിലെ ജനസംഖ്യയിൽ 29 ശതമാനവും ദളിതുകളാണ്. ഇവർ പലജാതികളിലും മതങ്ങളിലും പെടുന്നു. ഇവർ ഏറെക്കുറെ ഭൂരഹിതരാണെന്നു പറയാം. ജനങ്ങളിൽ 29 ശതമാനവും ദളിതുകളാണെങ്കിലും കൃഷിഭൂമിയിൽ രണ്ടര ശതമാനമേ ദളിതുകളുടെ അധീനത്തിലുള്ളൂ. ഈ ദളിതുകളിൽ ഏറ്റവും ദരിദ്രരായവർ സിക്കുകാരായ ദളിതുകളാണ്. സാമൂഹ്യമായ മേൽഗതിക്കുവേണ്ടിയാണിവർ സിക്ക്മതം സ്വീകരിച്ചതെങ്കിലും, അവിടേയും അവർ അയിത്തക്കാരാണ്. തന്മൂലം ദളിത് സിക്കുകാർക്ക് സ്വന്തമായി ഗുരുദ്വാരങ്ങളും കല്യാണ മണ്ഡപങ്ങളും ശ്മശാനങ്ങളുമെല്ലാം ഉണ്ടാ

ക്കേണ്ടിവന്നു. സിക്കുമതത്തിന്റെ മുഖ്യ ധാരയിൽ നിന്ന് ഒഴിഞ്ഞുമാറി വിവിധ പ്രസ്ഥാനങ്ങളിൽ അണിചേരാൻ ദളിതുകളെ നിർബ്ബന്ധരാക്കിയതും ഇതാണ്.

ദേരകൾ എന്ന പ്രസ്ഥാനങ്ങൾ പുതിയൊരു പ്രതിഭാസമൊന്നുമല്ല; അതിന്ന് സിക്ക് മതത്തോളം പഴക്കമുണ്ട്. ആദ്യകാല ഗുരുക്കന്മാരുടെ കാലത്ത് രൂപം കൊണ്ട ദേരകളാണ് ഉദാസി, മീണ ദീർമാലിയെ, ഹൻഡാസി തുടങ്ങിയവ. ഗുരു സ്ഥാനത്തിന്നുവേണ്ടി നടന്ന വടംവലികളിൽ തോറ്റവർ രൂപം നൽകിയവയാണിവയിലധികവും. സിക്ക് മതത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലും ദേരകൾ രൂപംകൊണ്ടിട്ടുണ്ട്. നാനാക്പാന്ഥി, സേവാപാന്ഥി, ഭക്തപാന്ഥി, സൂത്രഷാഹി, ഗുലാപ്ദാസി, നിർമ്മല, നിഹാങ്ങ് (അകാലി എന്നും പറയും) എന്നിവയെല്ലാം ഇങ്ങനെ ഉണ്ടായതാണ്.

ഇത്തരത്തിലുള്ള പഴയ ദേരകൾക്കും സമീപകാലത്ത് രൂപംകൊണ്ട എണ്ണമറ്റ ദേരകൾക്കും തമ്മിലുള്ള പ്രധാന വ്യത്യാസം ദളിത് സാന്നിധ്യമാണ്. പഴയ ദേരകളിൽ ദളിതുകളുണ്ടായിരുന്നില്ലെന്നു പറയാം; പുതിയ ദേരകളിൽ ദളിതുകളാണധികവും. സിക്ക്മതത്തിന്റെ ആരംഭകാലത്ത് ദളിതുകൾക്ക് തുല്യപദവി നൽകപ്പെട്ടിരുന്നു. അവർക്കെതിരെ ഒരു വിവേചനവുമുണ്ടായിരുന്നില്ല. സിക്കുകാർക്കിടയിൽ ജാതിചിന്ത വളർന്നുവന്നത് സമീപകാലത്താണ്.

എന്നാൽ ഒരു കാര്യത്തിൽ എല്ലാ ദേരകളും ഒരുപോലെയാണ്. എല്ലാറ്റിന്നുമുണ്ട് ഒരു ഗുരു. ഇത് സിക്ക് മതത്തിന്റെ അടിസ്ഥാന പ്രമാണത്തിന്നെതിരാണ്. പത്താമത്തെ ഗുരുവോടുകൂടി ഗുരുപരമ്പര അവസാനിച്ചുവെന്നതാണ് സിക്ക് മത സിദ്ധാന്തം.

ചണ്ഡീഗഡിൽനിന്നു പ്രസിദ്ധീകരിക്കുന്ന "ദേശ സേവക്" എന്ന പത്രം ഈയിടെ നടത്തിയ ഒരു പഠനപ്രകാരം പഞ്ചാബിലെ 12,000 ഗ്രാമങ്ങളിലായി 9000 ദേരകൾ ഉണ്ട്. അവയിൽ ഏറ്റവുമധികം അനുയായികളുള്ള ഏഴുദേരകൾ ഇവയാണ്: രാധാസൊവാമി, സച്ചസൗദ, നിരങ്കരി, നാംധാരി, ദിവ്യജ്യോതി, ബനിയാരവാല, രവിദാസി. പഞ്ചാബിലെ എല്ലാ ജില്ലകളിലും പഞ്ചാബിന്നു പുറത്തും ഇവയ്ക്ക് ശാഖകളുണ്ട്. ചില ദേരകൾക്ക് വിദേശങ്ങളിലും അനുയായികളുണ്ട്. ജാതിഭേദമില്ലെന്നാണ് പറയുന്നതെങ്കിലും ചില ദേരകൾ ജാതീയമായി സംഘടിപ്പിക്കപ്പെട്ടവയാണ്.

സിക്കുമതത്തിൽ വിഗ്രഹാരാധന നിഷിദ്ധമാണ്; ഒരുമനുഷ്യനെ ഗുരുവായി സ്വീകരിക്കാനും പാടില്ല. എന്നാൽ ദേരകളിലെ അനുയായികൾക്ക് ഗുരു കൂടിയേതീരൂ. യാഥാസ്ഥിതികരായ സിക്കുകാർ ഇതൊരു വെല്ലുവിളിയായി കരുതുന്നു. പണ്ട് ഭിന്ദ്രൻവാല നിരങ്കരികൾക്കെതിരെ കലാപമുണ്ടാക്കിയത് അങ്ങനെയാണ്.

അമൃതസരസ്സിലെ സുവർണ്ണക്ഷേത്രം കേന്ദ്രകരിച്ചു പ്രവർത്തിക്കുന്ന യാഥാസ്ഥിതിക സിക്ക്കാർക്കുള്ള അനുയായികളേക്കാൾ എത്രയോ അധികം അനുയായികൾ വിവിധ ദേരകൾക്കുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. യാഥാസ്ഥിതികരായ സിക്കുകാരും വിവിധ ദേരകളുടെ അനുയായികളും തമ്മിലുള്ള പ്രധാന വ്യത്യാസം "ഗുരു" വിനെ സംബന്ധിച്ചതാണ്. ഗ്രന്ഥമാണ് യാഥാസ്ഥിതികരുടെ ഗുരു; എന്നാൽ ഓരോ ദേരക്കും ജീവനുള്ള ഒരു ഗുരുവുണ്ടായിരിക്കും. അനുയായികൾ ഇദ്ദേഹത്തെ സദ്ഗുരു അല്ലെങ്കിൽ ഭഗവാൻ എന്നു വിളിക്കുന്നു. യാഥാസ്ഥിതികർക്ക് ഇത് അസ്വീകാര്യമാണ്. പക്ഷെ അവർക്കൊന്നും ചെയ്യനാവില്ല. ദേരകളുടെ അനുയായികളെ ഭ്രഷ്ട് കല്പിച്ചു പുറത്താക്കിയാൽ പിന്നെ സിക്കുമതത്തിൽ അധികമാരും ബാക്കിയുണ്ടാവില്ലെന്നതാണ് യാഥാസ്ഥിതികരെ കുഴക്കുന്ന പ്രശ്നം. ⇨

# വലിയ വലിയ ആളുകളുടെ രക്ഷക്ക് 1300 കോടി ക

നമ്മുടെ വലിയ നേതാക്കന്മാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്നായി ഗവർമ്മേണ്ടിന്ന് കൊല്ലംതോറും 1300 കോടി രൂപയെങ്കിലും ചെലവാക്കേണ്ടി വരുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ മൂന്നൂറുകോടിയും പ്രധാനമന്ത്രിയുടെ സുരക്ഷിതത്വത്തിനുള്ളതാണ്. ബാക്കി ആയിരം കോടി രാഷ്ട്രപതി മുതൽക്കിങ്ങോട്ട് മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ, മന്ത്രിമാർ തുടങ്ങിയ രണ്ടായിരത്തിൽ പരം പേരുടെ സംരക്ഷണത്തിന്നാണ് ചെലവഴിക്കുന്നത്.

ജനകീയ നേതാക്കന്മാരുടെ സുരക്ഷിതത്വത്തിന്ന് ഇത്രയും ഭീമമായ തുക ചെലവഴിക്കുന്നത് നാണക്കേടാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ഈയിടെ ദൽഹി ഹൈക്കോടതിയിൽ ഈ പ്രശ്നം ഉയർന്നുവരികയുണ്ടായി. ഈ ഏർപ്പാടിനെ അഭിനന്ദിക്കാൻ തങ്ങൾക്കാവില്ലെന്ന് ജഡ്ജിമാർ പറഞ്ഞു. സുരക്ഷിതത്വത്തിനുള്ള ഭീഷണിയെപ്പറ്റിയുള്ള നിങ്ങളുടെ ധാരണ പരിഹാസ്യമാണെന്നും കോടതി പറഞ്ഞു.

ദൽഹിയിൽ വലിയ നേതാക്കന്മാരും വലിയ വലിയ നേതാക്കന്മാരുമായി 391 പേരുണ്ടെന്നും, ഇവർക്ക് രാപ്പകൽ സംരക്ഷണം നൽകാനായി 9000 പോലീസുകാരെ നിയോഗിക്കേണ്ടതായി വരുന്നുണ്ടെന്നും ആഭ്യന്തര വകുപ്പ് അറിയിച്ചപ്പോഴാണ് കോടതി ഈ അഭിപ്രായ പ്രകടനം നടത്തിയത്. ഇത് ദൽഹിയിലെ കാര്യം. ഇന്ത്യയെയാകെയെടുത്താൽ ഇത്തരത്തിലുള്ള പോലീസ് സംരക്ഷണം ലഭിക്കുന്ന 2300 പേരെങ്കിലുമുണ്ടാവും.

ഈ നേതാക്കന്മാരിൽ നാലിലൊരു ഭാഗത്തിന്നു മാത്രമെ പ്രത്യേക സംരക്ഷണത്തിന്റെ ആവശ്യമുള്ളൂ എന്നാണ് ഇന്റലിജൻസ് ബ്യൂറോവിന്റെ റിപ്പോർട്ടിൽ പറയുന്നത്. പക്ഷെ ഇതിന്റെയെല്ലാം അടിയിൽ രാഷ്ട്രീയ പരിഗണനയാണുള്ളത്. നേതൃത്വ പദവിയെല്ലാം നഷ്ടപ്പെട്ട് എവിടെയെങ്കിലും ചുരുണ്ടുകൂടുന്നവരെപ്പോലും "വലിയ ആളു"കളുടെ പട്ടികയിൽനിന്ന് നീക്കം ചെയ്യുന്നില്ലെന്നല്ല, കൊല്ലംതോറും പുതിയ പുതിയ "നേതാക്ക"ന്മാർ സംരക്ഷണ ലിസ്റ്റിൽ കയറിപ്പറ്റുകയും ചെയ്യുന്നു. ❑

---

ഈ ഗുരുക്കൻമാർ പ്രബലരാണ്; സമ്പന്നരാണ്; രാഷ്ട്രീയ പിൻബലമുള്ളവരാണ്. ചില ദേരകളുടെ തലവന്മാർ എം.എൽ.എ.മാരായിരുന്നിട്ടുണ്ട്; മറ്റു ചിലരുടെ കുടുംബാംഗങ്ങൾ രാഷ്ട്രീയ നേതാക്കളാണ്. ഏതാണ്ടെല്ലാ ദേരകളും സദാചാരങ്ങളിൽ നിഷ്ഠയുള്ളവരാണ്. മദ്യം, മയക്കുമരുന്ന് എന്നിവക്കടിമകളായിരുന്നവരെ അതിൽനിന്ന് മോചിപ്പിക്കാൻ ഗുരുക്കന്മാർ ശ്രദ്ധിക്കുന്നു. അതുപോലെ മിക്ക ദേരകളും സസ്യാഹാരത്തിൽ നിർബ്ബന്ധമുള്ളവയാണ്. ആസ്പത്രികൾ, സ്കൂളുകൾ, ധർമ്മ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന ദേരകൾ ഏറെയാണ്; പല ദേരകളും അനാഥമന്ദിരങ്ങൾ നടത്തുന്നു; ഇപ്പോൾ അവർ ജൈവ കൃഷിയിലേക്കും തിരിഞ്ഞിട്ടുണ്ട്.

ദേരകളിൽ ജീതിവിവേചനമില്ല. ആളുകൾ അവിടെ പോകുന്നത് സാമൂഹ്യ കൂട്ടായ്മ വളർത്താനാണ്. അനുയായികളിൽനിന്ന് യാതൊരു സംഭാവനയും സ്വീകരിക്കില്ലെന്ന വ്യവസ്ഥമൂലമാണ് സച്ചാ സൗദ ദേരക്ക് ഇത്രയേറെ അനുയായികളുണ്ടായത്. ❑

# ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

**അ**ഭിവന്ദ്യരെ,

ഇന്ത്യൻ ജനാധിപത്യത്തിന് അറുപതു വയസ്സ്.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ സമൂഹമാണ് ഇന്ത്യ. സാക്ഷരതയിലും ആളോഹരി വരുമാനത്തിലും പക്ഷെ വളരെ പിന്നിലാണ് നാം. ആഭ്യന്തര കലഹങ്ങളും വിഘടനവാദവും മതതീവ്രവാദവും സായുധ കലാപങ്ങളും വളരെ കൂടുതലും. ഏകാതിപത്യത്തിലേക്ക് കാൽ വഴുതി വീഴാനുള്ള ഏറെ പ്രലോഭനങ്ങൾ ഉണ്ടായി ഈ കാലയളവിൽ. നമ്മുടെ അയൽപക്കത്താണെങ്കിൽ ജനാധിപത്യം ഒരു യാദൃശ്ചിക സംഭവമായി മാറുകയും ചെയ്തു.

അഭിനന്ദിക്കേണ്ടത് ആരെയാണ്? ജനങ്ങളെ. ജനങ്ങളെ മാത്രം. ഭരണകൂടങ്ങളുടെ കാര്യക്ഷമതയായിരുന്നില്ല, ജനങ്ങളുടെ ജാഗ്രതയും, സഹിഷ്ണുതയും, സഹനത്തോടുകൂടിയ ക്ഷമയുമായിരുന്നു, ജനാധിപത്യത്തെ സംരക്ഷിച്ചുപോന്നത്.

ഈ രംഗത്ത് മാധ്യമങ്ങൾ വഹിച്ചുപോന്ന പങ്ക് നിഷേധിക്കാനാവില്ല. ഒപ്പം നിലകൊണ്ട സന്നദ്ധ, ജനകീയ പ്രസ്ഥാനങ്ങളുടെ സംഭാവനകളും ചെറുതല്ല.

കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ ജനാധിപത്യ മൂല്യങ്ങളുടെ കാവലാളാകാൻ എളിയതോതിൽ ജനനീതിക്കും കഴിഞ്ഞിട്ടുണ്ട്. ബാബ്റീ മസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന്, എന്താണ് ഭാരതീയത എന്ന ചോദ്യമുതിർത്തുകൊണ്ട് ജനനീതി തൃശൂരിൽ സംഘടിപ്പിച്ച ഡോ. സുകുമാർ അഴിക്കോടിന്റെ സപ്ത സായാഹ്നങ്ങൾനീണ്ട പ്രഭാഷണങ്ങളായിരുന്നു തുടക്കം. പിന്നീട്, ഗാട്ട് കരാർ, നവലോകക്രമം, പോലീസും ജനങ്ങളും, രാഷ്ട്രീയവും അധികാരവും, യുദ്ധവും സ്വാതന്ത്ര്യവും, ബന്ദ്, 21-ാം നൂറ്റാണ്ടിന്റെ ഉൽക്കണ്ഠകൾ, ഇറാക്കിന്റെ മേൽ അമേരിക്കൻ ഭീകരത, ന്യൂനപക്ഷാവകാശങ്ങൾ ആർക്ക്?, വെടിക്കെട്ടും ആചാരങ്ങളും എന്നിങ്ങനെ ജനാധിപത്യത്തിന്റെ മേൽ നടത്തപ്പെടുന്ന കയ്യേറ്റങ്ങളെ തുറന്നുകാട്ടുന്നതിൽ ജനനീതി തനതായ ദൗത്യം ഏറ്റെടുത്തിട്ടുണ്ട്.

ഇന്ത്യയുടെ ഏറ്റവും പുതിയ മുഖം തീർച്ചയായും പ്രതീക്ഷകൾക്ക് പകരം ഉൽക്കണ്ഠകളാണ് പ്രതിഫലിപ്പിക്കുന്നത്. ഉദ്ബുദ്ധ കേരളം എന്ന് വീമ്പടിക്കുന്ന നമ്മുടെ നാട് മത-രാഷ്ട്രീയ-ഉദ്യോഗസ്ഥ-മാഫിയ ബന്ധങ്ങളുടെ പരീക്ഷണശാലയായി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അജ്ഞതയും നിരക്ഷരതയുമാണ് ശാപമെങ്കിൽ, ഇവിടെ പകരം അല്പജ്ഞതയും അഹന്തയും കാപട്യവുമാണ് ബദൽ അലങ്കാരങ്ങൾ. അതാകട്ടെ ബഹുമുഖമായ ഉത്കണ്ഠകളെ ദിനംപ്രതി തീവ്രവും ഹിംസാത്മകവുമാക്കിക്കൊണ്ടിരിക്കുന്നു.

ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെ, സമകാലീന യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന, പ്രതിവാര ചർച്ചാ സദസ്സുകൾ ജനനീതി സംഘടിപ്പിക്കുകയാണ്. വെള്ളിയാഴ്ചകളിൽ വൈകീട്ട് കൃത്യം 5 മണിക്ക് കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടക്കുന്ന ചർച്ചയിൽ ഒരു പ്രഭാഷണവും തുടർന്ന് ശ്രോതാക്കളുടെ അഭിപ്രായങ്ങളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ⇨

# അധ്വാനിച്ചു നേടിയതു മാത്രമേ നിലനിൽക്കൂ

**- ടി.വി. അച്ചുതവാരിയർ -**

**വെ**റുതെ കിട്ടിയ ഒന്നിനും ആരും വില കൽപ്പിക്കാറില്ല. മാതാപിതാക്കൾ സമ്പാദിച്ചു കൂട്ടുന്നതെല്ലാം മക്കൾ ചുട്ടുപൊട്ടിച്ചു കളയുന്നത് സർവ്വസാധാരണമായ കാഴ്ചയാണ്. വ്യക്തികളെ സംബന്ധിച്ചുള്ള ഈ തത്വം സമൂഹത്തിന്നും ബാധകമാണ്. കേരളത്തിലെ ഭൂനിയമം നോക്കൂ. ഇന്ത്യയിൽ നടപ്പാക്കിയ ഭൂനയ പരിഷ്കാരങ്ങളിൽ ഏറ്റവും മികച്ചതായിരുന്നു കേരളത്തിലേത്. പക്ഷെ അതു ചീറ്റിപ്പോയി. ഭൂമിയുടെ ഉടമസ്ഥത ജന്മിമാരിൽനിന്ന് കുടിയാൻമാരിലേക്ക് മാറ്റുന്നതായിരുന്നു നമ്മുടെ ഭൂനിയമം. വെറുതെ കിട്ടിയ ഭൂമിക്ക് കുടിയാന്മാർ വിലകൽപ്പിച്ചില്ല. അങ്ങനെ വിളഭൂമികൾ തരിശുഭൂമികളായി.

ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ തട്ടുന്ന കാര്യവും ഇതാണ്. ഇന്ത്യയിലെ ജനങ്ങൾ സമരം ചെയ്ത് നേടിയെടുത്തതല്ല ഇന്ത്യൻ ജനാധിപത്യം; അത് ബ്രിട്ടീഷുകാർ ദാനം ചെയ്തതാണ്. ജനാധിപത്യത്തിന്നുവേണ്ടി നമ്മളൊരിക്കലും മുറവിളി കൂട്ടിയിട്ടില്ല; സമരം ചെയ്തിട്ടില്ല; ത്യാഗം സഹിച്ചിട്ടില്ല. ഭാഗ്യക്കുറിയിൽ ഒന്നാം സമ്മാനം കിട്ടിയ ദരിദ്രനെപ്പോലെ, കൈവന്ന ജനാധിപത്യംകൊണ്ടെന്തുചെയ്യണമെന്നറിയാതെ നാം അന്ധാളിച്ചു നിൽക്കുന്നു.

ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളെയാണ് നാം മാതൃകയാക്കുന്നത്. ഈ രാജ്യങ്ങളുടെ ഭരണഘടനകളെ ആധാരമാക്കിയാണ് നാം ഇന്ത്യൻ ഭരണഘടനക്ക്

---

2007 സെപ്തംബർ 21 വെള്ളിയാഴ്ച വൈകീട്ട് 5 മണിക്ക് ഡോ. സുകുമാർ അഴിക്കോടിന്റെ പ്രഭാഷണത്തോടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന വെള്ളിയാഴ്ച സദസ്സുകളിൽ, കേരളത്തിന്റെ മുഴുവൻ ശ്രദ്ധയും ആദരവുകളും ഏറ്റുവാങ്ങിയിട്ടുള്ള ശ്രദ്ധേയരായ അനേകം ചിന്തകർ പങ്കെടുക്കുന്നതാണ്. ഡോ. കെ.എൻ. പണിക്കർ, ശ്രീ. പി. ഗോവിന്ദപ്പിള്ള, പ്രൊ. എം.എൻ. വിജയൻ, ജസ്റ്റീസ് കെ.ടി. തോമസ്, ഡോ. എൻ. ആർ. മാധവമേനോൻ, ശ്രീ. വി.എം. സുധീരൻ, ഡോ. ബി. ഇക്ബാൽ, ഡോ. നൈനാൻ കോശി, ഡോ. രാജൻ ഗുരുക്കൾ, ശ്രീ. കെ വേണു, ഡോ. കെ.പി. കണ്ണൻ, ശ്രീ ഗൗരീദാസൻ നായർ. ശ്രീ. ടി.ടി. ശ്രീകുമാർ തുടങ്ങിയവർ ഓരോ ആഴ്ചയിലും ചർച്ചകൾക്ക് നേതൃത്വം നല്കുന്നു.

പൊതു സമൂഹത്തിന്റെ വിലയിരുത്തലുകളും പങ്കാളിത്തവും കണക്കിലെടുത്ത്, ചർച്ചാ സദസ്സുകളുടെ സമാപനം പിന്നീട് നിശ്ചയിക്കുന്നതാണ്. എല്ലാവരുടെയും സഹകരണവും പിന്തുണയും ജനനീതി വിനീതമായി അഭ്യർത്ഥിക്കുന്നു.

**2007 സെപ്തംബർ 21 മുതൽ**
**വെള്ളിയാഴ്ചകളിൽ വൈകീട്ട്**
**5 മണിക്ക്**
**സാഹിത്യ അക്കാദമി**
**വൈലോപ്പിള്ളി ഹാളിൽ.**

**ജനനീതി ഇൻസ്റ്റിറ്റ്യൂട്ട്**
മുല്ലക്കര, മണ്ണുത്തി പോസ്റ്റ്
തൃശൂർ-680651
ഫോൺ: 04872373479 / 2373281

❏

രൂപം നൽകിയിരിക്കുന്നത്. അതുകൊണ്ട് തകരാറൊന്നുമില്ല. ഈ ഭരണഘടന ഉൾക്കൊള്ളാനുള്ള കഴിവു നമുക്കുണ്ടോ എന്നതാണ് പ്രശ്നം. കഷ്ടമെന്നു പറയട്ടെ, നമുക്കതിന്നു കഴിവില്ല എന്നതാണ് വാസ്തവം.

ജനാധിപത്യമെന്നത് പ്രാചീനമായൊരു ആശയമാണ്. അനുകൂല സാഹചര്യങ്ങളിൽ തഴച്ചുവളരുകയും പ്രതികൂല സാഹചര്യങ്ങളിൽ വാടിക്കരിയുകയും ചെയ്യുന്ന ഒരാശയമായിരുന്നു അത്. ഇന്ന് നാം അറിയുന്നതരം പാർലിമെന്ററി ജനാധിപത്യത്തിന്ന് ആരംഭമിടുന്നത് പതിനേഴാം നൂറ്റാണ്ടിലാണ്. പക്ഷെ അതൊന്നും ആരും ദാനം ചെയ്തതല്ല; ജനങ്ങൾ പോരാടി നേടിയെടുത്ത ജനാധിപത്യമാണത്. അതിന്നവർ രാജാവിന്റെ തലയരിയാനും മടിച്ചിരുന്നില്ല. ജനാധിപത്യമെന്നത് അക്ഷരാർത്ഥത്തിൽ തന്നെ ജനങ്ങളുടെ ആധിപത്യമായിരുന്നു.

പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബ്രിട്ടനിൽ വാണിരുന്ന ജയിംസ് രാജാവ്, രാജത്വമെന്നത് ഒരു ദൈവീകാവകാശമാണെന്ന് കരുതിയിരുന്നു. ജനപ്രതിനിധി സഭയുമായി നിരന്തരം വഴക്കടിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ ഭരണം ബ്രിട്ടനെ ആഭ്യന്തര യുദ്ധത്തിലെത്തിച്ചു. ഇദ്ദേഹത്തിന്റെ പുത്രനായ ചാറത്സിന്റെ ഭരണകാലം മുഴുവനും (1625-49) പാർലിമെന്റുമായുള്ള വടംവലിക്കാണ് ചെലവിട്ടത്. ചില എം. പി. മാരെ അറസ്റ്റ് ചെയ്യാനുള്ള രാജാവിന്റെ ശ്രമം ആഭ്യന്തര യുദ്ധത്തിന്നിടയാക്കി. അവസാനം രാജാവിനെ രാജ്യദ്രോഹ കുറ്റത്തിന്ന് വിചാരണ ചെയ്ത് തലവെട്ടി. ചാറത്സിന്റെ പുത്രന്റെ വാഴ്ചക്കാലത്ത് ബ്രിട്ടനിൽ ദ്വികക്ഷി ഭരണ സമ്പ്രദായം നിലവിൽ വന്നു. ചുരുക്കിപ്പറഞ്ഞാൽ, ബ്രിട്ടീഷ് ജനത നടത്തിയ ഒന്നര നൂറ്റാണ്ടു നീണ്ടുനിന്ന നിരന്തരവും രൂക്ഷവുമായ പോരാട്ടത്തിന്നുശേഷമാണ് ബ്രിട്ടനിൽ ജനാധിപത്യ സമ്പ്രദായം സുസ്ഥാപിതമായത്. ചരിത്രബോധമുള്ള ബ്രിട്ടീഷ് ജനതക്കറിയാം ജനാധിപത്യമെന്നത് എത്ര അമൂല്യമാണെന്ന്. അതുകൊണ്ടുതന്നെ അവരതിനെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കുന്നു.

ഫ്രെഞ്ച് വിപ്ലവങ്ങളെക്കുറിച്ച് കേൾക്കാത്ത ചരിത്ര വിദ്യാർത്ഥികളുണ്ടാവില്ല. ജനാധിപത്യം സ്ഥാപിച്ചെടുക്കാനായി ഫ്രാൻസിലെ ജനങ്ങൾക്കും ദീർഘകാലം പോരാടേണ്ടി വന്നു. ജനരോഷത്തിന്റെ വേലിയേറ്റത്തിൽപെട്ട ഫ്രെഞ്ച് രാജാവിന്നും തല നഷ്ടപ്പെട്ടു. ഇതുപോലെതന്നെ ബ്രിട്ടീഷ് ഭരണത്തിന്നെതിരായി നടന്ന അമേരിക്കൻ വിപ്ലവം പ്രസിദ്ധമാണ്. ചുരിക്കിപ്പറഞ്ഞാൽ, അഗ്നിയിൽ സ്ഫുടം ചെയ്തെടുത്തതാണ് പാശ്ചാത്യ ജനാധിപത്യം. ഇന്ത്യയിലോ?

ഇന്ത്യയിൽ അര നൂറ്റാണ്ടുനീണ്ടുനിന്ന സ്വാതന്ത്ര്യ സമരം നടന്നിട്ടുണ്ടെന്നത് ശരിയാണ്. പക്ഷെ അത് ജനാധിപത്യത്തിന്നു വേണ്ടിയുള്ള സമരമായിരുന്നില്ല; സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള സമരമായിരുന്നു. രണ്ടും തമ്മിൽ അജഗജാന്തരമുണ്ട്. സ്വാതന്ത്ര്യസമരത്തിൽ ജനാധിപത്യം ഒരു ചിന്താവിഷയമേ ആയിരുന്നില്ല. കോൺഗ്രസ് ഇടക്ക് സമ്മേളിക്കുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും മറ്റും ചെയ്യാറുണ്ടെന്നത് ശരിതന്നെ. പക്ഷെ ഇന്ത്യയിലെ ജനങ്ങളിൽ ഒന്നോ രണ്ടോ ശതമാനത്തെമാത്രം പ്രതിനിധീകരിക്കുന്ന ഒന്നായിരുന്നു കോൺഗ്രസ്സ്. ആ കോൺഗ്രസ്സിൽപോലും പ്രവർത്തനം ജനാധിപത്യപരമായിരുന്നില്ല. ഒരിക്കൽ കോൺഗ്രസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട സുഭാഷ് ചന്ദ്രബോസിന്ന് ഗാന്ധിജിയുടെ എതിർപ്പ് കാരണം രാജിവച്ചു പോകേണ്ടിവന്നുവെന്നോർക്കുക. കോൺഗ്രസിലെ ഒരംഗം പോലുമല്ലാതിരുന്നിട്ടും കോൺഗ്രസ്സിന്റെ എല്ലാ കാര്യങ്ങളും ഗാന്ധിജി

യുടെ ഹിതാനുസാരമാണ് നടത്തിപ്പോന്നിരുന്നത്. ഇന്നത്തെപ്പോലെ തന്നെയായിരുന്നു അന്നുമെന്നോ അന്നത്തെപ്പോലെത്തന്നെയാണ് ഇന്നുമെന്നോ പറയാം. ഇന്ന് സോണിയാഗാന്ധിയുടെ ആധിപത്യമാണ് കോൺഗ്രസ്സിലെ ജനാധിപത്യമെങ്കിൽ, അന്നു ഗാന്ധിജിയുടെ ആധിപത്യമായിരുന്നുവെന്നേയുള്ളൂ.

ഇന്ത്യക്ക് സ്വാതന്ത്ര്യം വേണമെന്നത് ജനങ്ങളുടെ മൊത്തത്തിലുള്ള ആവശ്യമായിരുന്നുവെങ്കിലും സമൂഹത്തിന്റെ മേൽതട്ടിലുള്ളവർക്കായിരുന്നു അതിൽ അഭിനിവേശം. കോൺഗ്രസ്സിന്റെ സ്ഥാപകൻതന്നെ ബ്രിട്ടീഷുകാരനായിരുന്നുവെന്നോർക്കുക. ജനാധിപത്യത്തിന്നുവേണ്ടിയെന്നല്ല, സ്വാതന്ത്ര്യത്തിന്നുവേണ്ടിപ്പോലും ജനങ്ങളിവിടെ മുറവിളി കൂട്ടിയിരുന്നില്ല. ഗാന്ധിജി കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ വന്നതിന്നുശേഷമുള്ള കാൽനൂറ്റാണ്ടുകാലം മാത്രമേ ഇന്ത്യയിൽ സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള മുറവിളി ഉയർന്നുള്ളൂ. ജനാധിപത്യത്തിന്നുവേണ്ടി ഇഗ്ലണ്ടിലും ഫ്രാൻസിലുമെല്ലാം നടന്ന ദീർഘകാലത്തെ പോരാട്ടങ്ങളോട് താരതമ്യപ്പെടുത്തിയാൽ, വെറും 25 കൊല്ലം നീണ്ടുനിന്ന ഇന്ത്യയിലെ സ്വാതന്ത്ര്യസമരം അതീവ ഹ്രസ്വമായിരുന്നുവെന്നു പറയേണ്ടിവരും. അപ്പോൾപോലും ജനാധിപത്യത്തെപ്പറ്റി ഇവിടെ ആരും ചിന്തിച്ചിരുന്നില്ല. ഗാന്ധിജിയുടെ വാക്ക് അവസാന വാക്കായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ തളർന്ന് പരവശമായിരുന്ന ബ്രിട്ടന്ന് ഇന്ത്യയിലിനിയും പിടിച്ചു നിൽക്കാനാവില്ലെന്ന് ബോധ്യം വന്നതിനെത്തുടർന്ന് അവരിവിടെനിന്ന് കെട്ടുകെട്ടി. ഭരണാധികാരം കൈകളിൽ വന്നുചേർന്ന മേൽത്തട്ടുകാർ, അതിനെ ബ്രിട്ടീഷ് മാതൃകയിൽ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിച്ചു. പാശ്ചാത്യ ജനാധിപത്യങ്ങളിലെ നല്ലവശങ്ങളെല്ലാം അരിച്ചെടുത്ത് കൂട്ടിച്ചേർത്ത് ഒരു ഭരണഘടനയുണ്ടാക്കിയത് അങ്ങനെയാണ്. ഈ ഭരണഘടനയുടെ ശിൽപിയായ ഡോ. അംബേദ്കർ മുന്നറിയിപ്പുനൽകിയതുപോലെ, ഭരണഘടനയുടെ മേന്മയല്ല, അതു കൈകാര്യം ചെയ്യുന്നവരുടെ മേന്മയാണ് പ്രധാനം. ലിഖിതമായൊരു ഭരണഘടനപോലും ഇല്ലാതിരുന്നിട്ടും ബ്രിട്ടനിൽ പാർലിമെന്ററി ജനാധിപത്യം തളിർത്തുവളരുന്നു. ലോകത്തിലെ ഏറ്റവും വലിയ, ഏറ്റവും നല്ല, ഭരണഘടനക്കുടമയായിട്ടും ഇന്ത്യയിൽ ജനാധിപത്യം ആഭാസത്തരമായി അധ:പതിക്കുന്നത് ആ ഭരണഘടന കൈകാര്യം ചെയ്യുന്നവരുടെ-ജനങ്ങളുടെ- കഴിവുകേടുകൊണ്ടാണ്.

അത്യുത്തമമായൊരു ഭരണരീതിയാണ് ജനാധിപത്യം. ഇതിനേക്കാൾമികച്ചൊരു ഭരണസംവിധാനം ആവിഷ്കരിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ ജനാധിപത്യം ദുഷിച്ചാൽ, അതിനേക്കാൾ വിനാശകരമായ ഒന്ന് വിഭാവനം ചെയ്യാൻപോലും സാധ്യമല്ല. ജനാധിപത്യത്തെ ദുഷിപ്പിച്ചുകൊണ്ടാണ് ഹിറ്റ്ലർ അധികാരത്തിൽ വന്നതെന്നോർക്കുക. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ ഒട്ടേറെ രാജ്യങ്ങൾ അരാജകത്വത്തിലേക്കോ സ്വേഛാധിപത്യത്തിലേക്കോ വഴുതിപ്പോകുകയാണുണ്ടായതെന്നും ഓർക്കുക. എവിടേയും നട്ടുപിടിപ്പിക്കാവുന്ന ഒന്നല്ല ജനാധിപത്യം. പക്വതവന്ന ഒരു ജനതക്കുമാത്രം കൈകാര്യം ചെയ്യാൻ കഴിയുന്ന ഒന്നാണത്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന, ജനങ്ങളുടെ ഭരണമെന്ന അമേരിക്കൻ നിർവ്വചനത്തിന്റെ സാരം അതാണ്.

ഇന്ത്യൻ ജനാധിപത്യം ജീർണിച്ചുവരികയാണെന്ന വസ്തുതയെ നമുക്ക് അഭിമുഖീകരിക്കുക. പൊങ്ങച്ചം പറഞ്ഞതുകൊണ്ട് കാര്യമൊന്നുമില്ല. മറ്റു രാജ്യങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ പ്രശംസിക്കുന്നുണ്ടെങ്കിൽ, അതവരുടെ നിക്ഷിപ്ത താൽപര്യ സംരക്ഷണത്തി

ന്നുമാത്രമാണെന്ന വസ്തുതയും മറക്കാതിരിക്കുക. ഇന്ത്യക്കാർ ബോധപൂർവ്വം ശ്രമിച്ചില്ലെങ്കിൽ നമ്മുടെ ജനാധിപത്യത്തെ കരകയറ്റാനാകില്ല. ഹിറ്റലറുടെ ഭക്തൻമാരും വർഗ്ഗീയവാദികളുമെല്ലാം ഇവിടെ ജനാധിപത്യത്തിന്റെ പൊന്നാടയണിഞ്ഞ് സൈ്വരവിഹാരം നടത്തുന്നുണ്ട്.

ഇന്ത്യയുടെ മനസ്സ് ജനാധിപത്യവിരുദ്ധമാണെന്ന് ഇന്ത്യയിലെ ഓരോ കുട്ടിയേയും നാം വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കേണ്ടതുണ്ട്. നമ്മുടെ പൈതൃകം തീർത്തും ജനാധിപത്യവിരുദ്ധമാകയാൽ, നാം അതിനോട് ബോധപൂർവ്വം പോരാടിയേ തീരൂ. ജനാധിപത്യവിരുദ്ധമായ വിചാരങ്ങൾ ഓരോ ഇന്ത്യക്കാരന്റെയും മനസ്സിൽ ഈട്ടംകൂടി കിടപ്പുണ്ട്. ഒരു രണ്ടായിരം കൊല്ലം മുമ്പെങ്കിലും ഇന്ത്യയിൽ ചാതുർവ്വർണ്യം പ്രചാരത്തിൽ വന്നുകഴിഞ്ഞു. അതിനെ ഒന്നുകൂടി സങ്കുചിതമാക്കിക്കൊണ്ടുള്ള ജാതിഭേദം നിലവിൽവന്നിട്ടിപ്പോൾ ഒരായിരം കൊല്ലമായിട്ടുണ്ട്.

സമത്വമാണ് ജനാധിപത്യത്തിന്റെ ആധാരശിലയെങ്കിൽ, അസമത്വമാണ് ജാതീയതയുടെ ആധാരശില. ഒരു ജാതിക്കാർ താഴെയുള്ളവരെയെല്ലാം അടിമകളായോ അധ:സ്ഥിതരായോ വീക്ഷിക്കുന്നതോടൊപ്പംതന്നെ അവരേക്കാൾ മീതെയുള്ളവരെയെല്ലാം യജമാനന്മാരായി കരുതി പൂവിട്ടുപൂജിക്കുന്നു. ഒരേ ആളിൽതന്നെ ഉച്ചനീചത്വചിന്തകൾ ഒരേ സമയം ഇഴുകിച്ചേരുന്ന അത്ഭുതകരമായ കാഴ്ചയാണ് നാമിവിടെ കാണുന്നത്. ഒരു വൈശ്യനെ സംബന്ധിച്ചിടത്തോളം ബ്രാഹ്മണനും ക്ഷത്രിയനും ആരാധ്യരാണ്; അതേ സമയം ശൂദ്രനും പഞ്ചമനും അധ:സ്ഥിതനും വർജ്യനുമാണ്.

ഈ ഉച്ചനീചത്വബോധം ഓരോ ഇന്ത്യക്കാരനിലും ഇഴുകിച്ചേർന്നിട്ടുണ്ട്. ജാതിഭേദത്തിന്ന് സ്ഥാനമില്ലാത്ത മുസ്ലീമുകളിലും കൃസ്ത്യാനികളിലും, അവർ ഇന്ത്യക്കാരാണെങ്കിൽ, ഈ ഉച്ചനീചത്വബോധം രൂഢമൂലമായി കിടക്കുന്നതായി കാണാം. നൂറുകണക്കിന്നു ജാതികളും ഉപജാതികളും വെള്ളം ചോരാത്ത അറകളിലായി വേർപെട്ടുനിൽക്കുന്ന ഒരു സമൂഹത്തിൽ സമത്വാധിഷ്ഠിത ആശയമായ ജനാധിപത്യം എങ്ങനെ വേർപിടിച്ചുവളരും?

ജനാധിപത്യം കരഗതമായ സ്ഥിതിക്ക് അതിനെ ഉൾക്കൊള്ളാനും പോഷിപ്പിക്കാനുമുള്ള കഴിവ് നാം ആർജ്ജിക്കേണ്ടതുണ്ട്. അതിന്നാവശ്യമായ ചില കാര്യങ്ങൾ–

1. മനുഷ്യന്റെ ആത്മീയ ജീവിതത്തെ ഭൗതിക ജീവിതത്തിൽനിന്ന് വേർപ്പെടുത്തി നിർത്തുക. അവ പരസ്പരം ഇടപെടാതെ സൂക്ഷിക്കുക.
2. ജാതിചിന്ത തുടച്ചുമാറ്റുക
3. പൗരബോധം വളർത്തുക, വ്യക്തിക്ക് സമൂഹത്തോടുള്ള കടപ്പാട് ഓരോരുത്തന്റെ മനസ്സിലും രൂഢമൂലമാക്കുക
4. ദാനം നിർബ്ബന്ധമാക്കുക; ത്യാഗം ജീവിതരീതിയാക്കുക; സേവനം നിഷ്ഠയാക്കുക
5. ജനാധിപത്യം താഴെനിന്ന് മുകളിലേക്കാക്കുക; തിരഞ്ഞെടുപ്പ് പഞ്ചായത്തിൽനിന്ന് മുകളിലേക്ക് കയറിപ്പോകുക

സംരക്ഷിക്കാനാകാത്തത് സമ്പാദിക്കരുത് എന്നൊരു ചൊല്ലുണ്ട്. നാം ജനാധിപത്യം സമ്പാദിച്ചുകഴിഞ്ഞ സ്ഥിതിക്ക് അത് സംരക്ഷിക്കാൻ പഠിക്കണം; അതിന്നു ശ്രമിക്കണം.

❑

# കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ

ഇക്കഴിഞ്ഞ ജൂലായ് 16-ാം തിയ്യതി ദേശീയ മനുഷ്യാവകാശ കമ്മീഷൻ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി പ്രധാന പ്പെട്ട ചില മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ പുറപ്പെടുവിച്ചു. ഇതിനുള്ള പ്രധാന കാരണം കേരള സംസ്ഥാനത്ത് മൂന്ന് വ്യത്യസ്ത സംഭവങ്ങളിലായി ലൈംഗി കാതിക്രമത്തിന്നിരയാകേണ്ടിവന്ന പെൺകുട്ടികളെക്കുറിച്ചുള്ള വൃത്താന്തം ജനാധിപത്യ മഹിളാ അസോസിയേഷൻ അദ്ധ്യക്ഷ, മനു ഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തിയതായിരുന്നു. 2006 വർഷ ത്തിൽതന്നെ കമ്മീഷൻ മാർഗ്ഗനിർദ്ദേശ ങ്ങളുടെ കരടുരേഖ സംസ്ഥാന കേന്ദ്ര ഭരണപ്രദേശങ്ങളിലെ അഭ്യന്തര സെക്ര ട്ടറിമാർക്കും ഡയറക്ടർ ജനറൽ ഓഫ് പോലീസിനും (ഡി.ജി.പി.) അവരുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശ ങ്ങൾക്കും വേണ്ടി സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങളും അഭിപ്രായ ങ്ങളും വിശകലനം ചെയ്യുകയും ആയത് ക്രോഡീകരിച്ച് പ്രസിദ്ധപ്പെടു ത്തുകയും ചെയ്തു.

1. ഈ നിർദ്ദേശങ്ങളനുസരിച്ച് കുട്ടി കൾക്കെതിരെയുള്ള ലൈംഗിക പീഢനകേസുകളിലെ പരാതി ലൈംഗിക ചൂഷണത്തിന് ഇരയാ കപ്പെട്ട വ്യക്തിക്കോ ദൃക്സാക്ഷി ക്കോ, അല്ലാത്തപക്ഷം ഇവരെ പ്രതിനിധാനം ചെയ്യുന്ന ഗവൺമെന്റിതര സംഘടന (NGO) ഉൾപ്പെടെ പ്രസ്തുത സംഭവത്തെ ക്കുറിച്ച് അറിവ് ലഭിച്ച ഏതൊ രാൾക്കും പരാതി നൽകാവുന്നതാ ണ്. പരാതിയിൽ അന്വേഷണം നട ത്തേണ്ടത് സബ്ബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥ നായിരിക്കണം, മാത്രമല്ല ഈ ഓഫീസർ വനിതാ ഓഫീസറായി രിക്കുന്നതാണ് കൂടുതൽ അഭി കാമ്യം എന്നും നിർദ്ദേശിച്ചിരിക്കു ന്നു. പരാതി രേഖപ്പെടുത്തുന്നത് പദാനുപദമായിരിക്കണമെന്നും, രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ യൂണിഫോമിലല്ലാതെ സാധാരണ വേഷത്തിലായിരിക്കണമെന്നും പറ ഞ്ഞിട്ടുണ്ട്. പരാതി രേഖപ്പെടുത്തേ ണ്ടത് കഴിയുന്നതും പോലീസ് സ്റ്റേഷനിലല്ലാതെ പീഡനത്തിനിര യാക്കപ്പെട്ടയാളുടെ വസതിയിൽ വച്ചായിരിക്കണം.

2. ലൈംഗികാതിക്രമത്തിന് ഇരയായ കുട്ടിക്ക് സംഭവത്തെപ്പറ്റി സുഗമ മായും, സ്പഷ്ടമായും വ്യക്തമാ ക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കിക്കൊടുക്കേ ണ്ടതും ആവശ്യമുണ്ടെങ്കിൽ ഒരു മനോചികിത്സകന്റെ സഹായം കൂടി ലഭ്യമാക്കണമെന്നും നിർദ്ദേ ശിക്കുന്നു.

3. പീഡനത്തിനിരയായ കുട്ടിയേയും പ്രതിയേയും കൃത്യം നടന്ന് ഇരു പത്തിനാല് മണിക്കൂറിനകം ക്രമി നൽ നടപടി നിയമസംഹിത 164 എ വകുപ്പനുസരിച്ചുള്ള വൈദ്യ പരിശോധനക്ക് വിധേയമാക്കേണ്ട തും, പരിശോധന യഥാസമയം നട ത്തേണ്ടതിനാവശ്യമായ നിർദ്ദേശ ങ്ങൾ മുഖ്യ ചികിത്സാധികാരി അന്വേഷണ ഉദ്യോഗസ്ഥ നിൽനിന്നും അപേക്ഷ ലഭിച്ചാലുടൻ

നടത്തേണ്ടതും, പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലം പരിശോധന നടത്തുന്ന ഡോക്ടർ ചോദിച്ചറിഞ്ഞ് രേഖപ്പെടുത്തേണ്ടതുമാകുന്നു.

4. കേസ് രജിസ്റ്റർ ചെയ്താലുടൻതന്നെ അന്വേഷണസംഘം സംഭവസ്ഥലം സന്ദർശിക്കുകയും കുറ്റം തെളിയിക്കാൻ ഉതകുന്ന തെളിവുകൾ ശേഖരിക്കുകയും, പ്രത്യേകിച്ച് സംഭവത്തിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്ന ഇരയുടെ പ്രതിരോധത്തിന്റെയും, പ്രതിയുടെ ഭാഗത്തുനിന്നുണ്ടായ ബലപ്രയോഗത്തിന്റെയും അടയാളങ്ങൾ ക്യാമറയിൽ പകർത്തി സൂക്ഷിക്കേണ്ടതാണ്.

5. ഇരയുടെയും, അറസ്റ്റ് നടന്നാൽ പ്രതിയുടെയും വസ്ത്രങ്ങൾ പത്ത് ദിവസത്തിനുള്ളിൽ ഫോറൻസിക് ലാബോറട്ടറിയിലേക്ക് അന്വേഷണോദ്യോഗസ്ഥൻ അയക്കേണ്ടതാണ്. രക്തത്തിന്റെയോ, രേതസ്സിന്റെയോ അംശം ഉണ്ടെങ്കിൽ അത് വിശകലനം ചെയ്യുന്നതിനും, സാധ്യമെങ്കിൽ ഡി.എൻ.എ. (DNA)രുപരേഖ വരക്കുന്നതിനും, വേണ്ടിയാണ് ഈ നിർദ്ദേശം.

6. ഇത്തരം കേസുകളിലെ ഫോറൻസിക് പരിശോധനാറിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ മുൻഗണനാക്രമത്തിൽ അയക്കേണ്ടതാണ്.

7. കേസ് രജിസ്റ്റർ ചെയ്ത നാൾമുതൽ 90 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടതും, ഊർജ്ജിതവും നേരായതുമായ അന്വേഷണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് മേലുദ്യോഗസ്ഥർ നിയതമായ കാലയളവുകളിൽ പ്രസ്തുത അന്വേഷണങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതുമാകുന്നു.

8. ക്രമിനൽ നടപടി നിയമ സംഹിത, വകുപ്പ് 164 അനുസരിച്ചുള്ള പീഡനത്തിനിരയായ വ്യക്തിയുടെ മൊഴി കാലതാമസം കൂടാതെ രേഖപ്പെടുത്തണം.

9. ലൈംഗിക ചൂഷണത്തിന്നിരയായ വ്യക്തിയേയും അവരുടെ കുടുംബത്തെയും സംബന്ധിച്ചതുമായ അറിവുകൾ രഹസ്യമാക്കി വയ്ക്കേണ്ടതും ആ കാര്യത്തിൽ അന്വേഷണോദ്യോഗസ്ഥനും, ഗവർമ്മേണ്ടിതര സംഘടനകളും (NGO)കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

10. ഇത്തരം കേസുകളിലെ വിചാരണ അതിവേഗ കോടതികളിൽ സാധ്യമായിടത്തോളം വനിത ന്യായാധിപക്ക് മുമ്പാകെ സ്വകാര്യമായി നടത്തേണ്ടതാണ്. പീഡിതർക്ക് അനുയോജ്യമായ അന്തരീക്ഷമാണ് വിചാരണ കോടതിയിൽ ഉണ്ടായിരിക്കേണ്ടത്.

11. സാധ്യമെങ്കിൽ അനുയോജ്യമായ അന്തരീക്ഷത്തിൽ വീഡിയോ കോൺഫറൻസിങ്ങിലൂടെ വ്യക്തിയുടെ മൊഴി രേഖപ്പെടുത്തി പ്രതിയുമായുള്ള നേരിട്ടുള്ള സാമീപ്യം ഒഴിവാക്കണം.

12. കുറ്റപത്രം ഹാജരാക്കി 15 ദിവസത്തിനുള്ളിൽ മജിസ്ട്രേറ്റ് പ്രസ്തുത കേസ് സെഷൻസ് കോടതിയിലേക്ക് കൈമാറേണ്ടതാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.